# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 29 | Issue 4 | Fortnightly | October 15, 2017 | Page 24 | ₹ 10




പബ്ലിക് സർവീസ് കമ്മിഷൻ അംഗമായി നിയമിതനായ പി.കെ. വിജയകുമാർ ഒക്ടോബർ നാലിന് പി.എസ്.സി. ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. പി.എസ്.സി. സെക്രട്ടറി സാജു ജോർജ്ജ് നിയമനസംബന്ധമായ സർക്കാർ ഉത്തരവ് വായിക്കുകയും പി.എസ്.സി. ചെയർമാൻ അഡ്വ എം.കെ. സക്കീർ സത്യവാചകം ചൊല്ലിക്കൊടുക്കുകയും ചെയ്തു. ചടങ്ങിൽ പി.എസ്.സി. അംഗങ്ങളും ഭരണ-നിയമ - സാംസ്കാരിക-പൊതു പ്രവർത്തന മേഖലകളിലെ പ്രമുഖരും വിവിധ സർവീസ് സംഘടനാ നേതാക്കളും പങ്കെടുത്തു.

## വിവിധ കമ്പനി, ബോർഡ്, കോർപറേഷൻ എന്നിവയിലെ ജൂനിയർ അസി./ അസി. ഗ്രേഡ്-2/ കാഷ്യർ/ക്ലർക്ക്.

മെഡിക്കൽ ഓഫീസർ, അസി. ജിയോളജിസ്റ്റ് ഉൾപ്പെടെ

**42**

തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു


## ലാസ്റ്റ് ഗ്രേഡ് പരീക്ഷയ്ക്ക് ഒരു ഉത്തമ മാർഗദർശി

- 604 പേജുകൾ വില 250 രൂപ
- 25000-ത്തോളം വസ്തുതകൾ
- കഴിഞ്ഞ 20 വർഷത്തെ മുൻ ചോദ്യോത്തരങ്ങൾ
- ആയിരത്തോളം കൺഫ്യൂസിങ് ഫാക്ട്സ്
- 10 പൊതുവിജ്ഞാന പരിശീലന ചോദ്യസെറ്റുകൾ

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിലെ ബുക്സ്റ്റാളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കോപ്പികൾ ലഭിക്കുന്നതിന് 0471 2546486 എന്ന നമ്പരിൽ ബന്ധപ്പെടുക. പുസ്തകക്കെട്ടുകൾ കൊറിയർ മുഖേന ലഭ്യമാക്കുന്നതാണ്.

ചിട്ടയോടെ പഠിക്കാനും വിജയം ഉറപ്പാക്കാനും




### പ്രധാന ഏജൻസികൾ

തിരുവനന്തപുരം - എസ്കെ അസോസിയേറ്റ്സ്-8281551775
തമ്പാനൂർ-ഐഡിയൽ ബുക് സെന്റർ-9645163611
പാരിപ്പള്ളി - നൈസ് സ്റ്റോർ - 9656841772
കൊട്ടിയം-9747232729
കൊല്ലം-ചിലങ്ക ബുക്സ്-0474 2752888
കരുനാഗപ്പള്ളി-94460 13808
കായംകുളം-9746230703
ആലപ്പുഴ-94471 17679
കോട്ടയം - 9048177778
പാല-കല്ലറക്കൽ ബുക്ക്സ്റ്റാൾ, കൊട്ടാരമറ്റം-04822 213399
പൊൻകുന്നം-9447306505
തൊടുപുഴ-ആസാദ് ബുക് സെന്റർ-9447590008
എറണാകുളം-ആസാദ് ബുക് സെന്റർ-9447314548
അങ്കമാലി/ആലുവ-ഗോൾ വിന്നർ ബുക്സ്-9061348040
തൃശ്ശൂർ- മോഡേൺ ബുക്സ്, അയ്യന്തോൾ-9400461725
പാലക്കാട്-കവിത സ്റ്റോഴ്സ്-9447946245
കോട്ടയ്ക്കൽ-പടിക്കൽ ബുക്സ് 9847204995
കൽപ്പറ്റ- ആപ്റ്റ് ബുക്സ്-9562997008
തളിപ്പറമ്പ - ശ്രീറാംസ് - 9400508060
പയ്യന്നൂർ- അമൽ ബുക്സ്-9544915026
കൊയിലാണ്ടി-ലക്കി ബുക്സ്-9846544326

വജ്ര ജൂബിലി പതിപ്പ് രണ്ടാം ഭാഗം ഇപ്പോൾ തപാലിൽ ലഭിക്കുന്നു

മണിയോർഡർ (250 രൂപ-പാഴ്സൽ ചാർജ് ഉൾപ്പെടെ) അയയ്ക്കേണ്ട വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,കേരള പബ്ലിക് സർവീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം-4

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി. ആർ പാർവതീദേവി**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. പി. സുരേഷ്കുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. ജിനു സക്കറിയ ഉമ്മൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. രഘുനാഥൻ. എം. കെ.**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**ബി. ജയകുമാർ**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**
മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

- **വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**
- **ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- **വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.**

### ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538
(പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

### മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പിഎസ്‌സി അറിയിപ്പ്

## 2017 ഒക്ടോബർ 9 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

**താഴെപ്പറയുന്ന തസ്തികകളുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കും**

1. കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി., കെ.എം.സി.എസ്. കെൽട്രോൺ തുടങ്ങി വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ /അസിസ്റ്റന്റ് ഗ്രേഡ്–2/ക്ലർക്ക് ഗ്രേഡ്–1/ടൈം കീപ്പർ ഗ്രേഡ്–2/സീനിയർ അസിസ്റ്റന്റ് / അസിസ്റ്റന്റ്/ജൂനിയർ ക്ലർക്ക് മുതലായ തസ്തികകൾ.
2. കെ.എസ്.ആർ.ടി.സി/കെ.എൽ.ഡി.ബി./എസ്.എഫ്.സി.കെ തുടങ്ങി വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ ജൂനിയർ അസിസ്റ്റന്റ് /അസിസ്റ്റന്റ് ഗ്രേഡ്–2/ എൽ.ഡി.ക്ലർക്ക്

**താഴെപ്പറയുന്ന തസ്തികകൾക്ക് ഇന്റർവ്യൂ നടത്തും**

1. വിദ്യാഭ്യാസ വകുപ്പിൽ (മലപ്പുറം ജില്ല) ഹൈസ്കൂൾ അസിസ്റ്റന്റ് (അറബിക്–518/2016), എൽ.പി.സ്കൂൾ അസിസ്റ്റന്റ് (ആലപ്പുഴ, വയനാട്) തസ്തികമാറ്റം വഴി (232/2016)
2. തുറമുഖ വകുപ്പിൽ ഓഫീസർ ഇൻ ചാർജ്ജ് (65/2015)
3. സിഡ്കോയിൽ വാച്ച്മാൻ (പട്ടികജാതി/പട്ടിക വർഗക്കാർ) 98/2016
4. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ സ്റ്റോർ കീപ്പർ (എൻ.സി.എ. ഒ.ബി.സി.) 182/2016.

**താഴെപ്പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കും**

1. കോഴിക്കോട്, കൊല്ലം ജില്ലകളിൽ തുറമുഖ വകുപ്പിൽ സീമാൻ (എൻ.സി.എ.–വിശ്വകർമ, എസ്.സി., എസ്.ഐ.യു.സി. നാടാർ, ഒ.ബി.സി.) 78/2016–81/2016
2. സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവേ സൂപ്രണ്ട് (433/2016).
3. വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ടീച്ചർ (അഗ്രികൾച്ചർ) 160/2016.
4. വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പട്ടികജാതി/പട്ടിക വർഗക്കാർ) 296/2016

**താഴെപ്പറയുന്ന തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും**

1. ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽ സെയിൽസ് അസിസ്റ്റന്റ് (540/2011).

**താഴെപ്പറയുന്ന തസ്തികയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും**

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രിന്റർ (350/2016)

**താഴെപ്പറയുന്ന തസ്തികകൾക്ക് ഓൺലൈൻ പരീക്ഷ നടത്തും**

1. ജയിൽ വകുപ്പിൽ വീവിങ് ഇൻസ്ട്രക്ടർ / വീവിങ് ഫോർമാൻ /വീവിങ് അസിസ്റ്റന്റ് (555/2014)
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്–2 (പട്ടികജാതി/പട്ടിക വർഗക്കാർ) 37/2017
3. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഫിസിക്കൽ സയൻസ് (ട്രെയിനിങ് കോളേജുകൾ നേരിട്ടുള്ള നിയമനം (56/2013), തസ്തികമാറ്റം വഴി (53/2013)
4. സാമൂഹ്യ നീതി വകുപ്പിൽ കെയർ ടേക്കർ (പുരുഷൻ) 651/2014

**മറ്റു തീരുമാനങ്ങൾ**

1. ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് ഭിന്നശേഷിക്കാർക്കായി മുൻ റാങ്ക് പട്ടികയിൽ നിന്ന് നീക്കിവയ്ക്കപ്പെട്ട 86 ഒഴിവുകൾ ചട്ടപ്രകാരം നിലവിലെ റാങ്ക് പട്ടികയിൽ നിന്ന് നികത്താൻ തീരുമാനിച്ചു.
2. പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.സ്കൂൾ എൻ.സി.എ. (ഒ.എക്സ്/ധീവര) രണ്ട് എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ മാതൃറാങ്ക് പട്ടികയിൽ ലഭ്യമായ അടുത്ത സംവരണ വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ ചട്ടപ്രകാരം നിയമന ശിപാർശ ചെയ്യും.

# സംശയങ്ങൾക്ക് മറുപടി

**കുടിശ്ശിക ഊഴങ്ങൾ (Pending Uncompensated Turns) എന്നാലെന്താണ്?**

നിയമന ശിപാർശയ്ക്കുള്ള ഊഴങ്ങൾ നിശ്ചയിക്കുന്ന റൊട്ടേഷൻ ഒരു തുടർ പ്രക്രിയയാണ്. അതായത് ഓരോ തസ്തികയ്ക്കും പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ കഴിഞ്ഞ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിച്ച ഘട്ടത്തിൽ റൊട്ടേഷൻ എവിടെ അവസാനിച്ചുവോ അതിന്റെ തുടർച്ചയായിട്ടാണ് പുതിയ റാങ്ക് ലിസ്റ്റിൽ നിന്ന് റൊട്ടേഷൻ ആരംഭിക്കുന്നത്. മുൻകാലത്ത് വന്നു കൂടിയ കുടിശ്ശിക ഊഴങ്ങൾ (Pending Uncompensated) പുതിയ റാങ്ക് ലിസ്റ്റിന്റെ റൊട്ടേഷനിൽ വീട്ടാനുള്ളതാണ്. NJD, TPO, NCA എന്നിവയാണ് കുടിശ്ശിക ഊഴങ്ങൾ.

**NJD Vacancy, TPO, NCA Turn ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്?**

നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കാത്തതുമൂലമുണ്ടാകുന്ന ഒഴിവാണ് Not Joined Duty Vacancy (NJD). ജോലിയിൽ പ്രവേശിക്കാത്തയാളെ നിയമന ശിപാർശ ചെയ്ത അതേ ഊഴത്തിൽ തന്നെ പകരക്കാരനെ NJD ഒഴിവിൽ നിയമന ശിപാർശ ചെയ്യുന്നതാണ്. കുടിശ്ശിക ഊഴങ്ങളിൽ മുൻഗണന നൽകപ്പെടുന്നതും NJD ടേണിനാണ്.

ഒരു സെലക്ഷൻ വർഷത്തിൽ നികത്തപ്പെടുന്ന ആകെ ഒഴിവുകളിൽ സംവരണം 50% ത്തിലധികമാകരുതെന്ന് KS & SSR ചട്ടം 15 (d) വ്യവസ്ഥയുള്ളതിനാൽ ചില അവസരങ്ങളിൽ സംവരണ ഊഴങ്ങൾ താൽക്കാലികമായി മാറ്റി വെയ്ക്കാറുണ്ട്. ഇതിനെയാണ് Temporary Pass Over (TPO) എന്നുപറയുന്നത്. 50% വ്യവസ്ഥ പാലിച്ചുകൊണ്ട് സംവരണ ഊഴം നികത്താൻ കിട്ടുന്ന ഏറ്റവും അടുത്ത അവസരത്തിൽ തന്നെ ഇങ്ങനെ മാറ്റി വെയ്ക്കപ്പെട്ട സംവരണ ഊഴങ്ങൾ നികത്തപ്പെടുന്നതാണ്.

സംവരണ ഊഴം നികത്തപ്പെടേണ്ട സമയത്ത് ആ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ റൊട്ടേഷൻ ചാർട്ടിലെ തൊട്ടടുത്ത സംവരണ വിഭാഗത്തിന് ആ ഊഴം കടമായി കൈമാറുന്ന രീതി മുമ്പുണ്ടായിരുന്നു. ഈ അധിക നേട്ടം കൈവരിച്ച വിഭാഗം ഏറ്റവും അടുത്ത അവസരത്തിൽ (പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ) നഷ്ടപ്പെട്ട വിഭാഗത്തിന് തിരികെ നൽകണമെന്ന വ്യവസ്ഥയിലാണ് ഈ കടം കൊടുക്കൽ. ഇതിനെയാണ് NCA (No Candidate Available) എന്ന് പറയുന്നത്.

എന്നാൽ G.O.(P) 7/2006/P & ARD dtd 08-03-2006 ഉത്തരവ് പ്രകാരം KS & SSR ചട്ടം 15(a) ഭേദഗതി വരുത്തി സർക്കാർ ഈ സമ്പ്രദായം അവസാനിപ്പിച്ചു. അതനുസരിച്ച് ഒരു ഒഴിവിലേക്ക് ഒരു സംവരണ ഊഴം നികത്തേണ്ട സമയത്ത് വിഭാഗത്തിലെ ഉദ്യോഗാർത്ഥി റാങ്ക് ലിസ്റ്റിൽ ഇല്ലാതെ വന്നാൽ ആ ഒഴിവ് (ഫ്രഷ് ഒഴിവാണെങ്കിൽ 50% വ്യവസ്ഥയനുസരിച്ച് OC:BC കണക്കിൽ ഉൾപ്പെടുത്തുകയും നികത്തിയതായി കണക്കാക്കുന്നതും/NJD ഒഴിവാണെങ്കിൽ ഒഴിവ് നികത്തിയതായി കണക്കാക്കുന്നതും എന്നാൽ) ആ വിഭാഗക്കാർക്ക് മാത്രമായി പ്രത്യേക വിജ്ഞാപനം (NCA വിജ്ഞാപനം) പുറപ്പെടുവിക്കുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. ചട്ടം 15 അനുസരിച്ച് പട്ടികജാതിക്കാരുടെ ഊഴങ്ങളിൽ അവരുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവരെയും തിരിച്ചും ശിപാർശ ചെയ്യുന്നതാണ്. എന്നാൽ KS & SSR ചട്ടം 15 (b) അനുസരിച്ച് മുൻകാലങ്ങളിലുണ്ടായ NCA കുടിശ്ശികകൾ (Pending uncompensated NCA Turns) തിരികെ വീട്ടേണ്ടതാണ് എന്ന് ഭേദഗതിവരുത്തിയ ചട്ടം 15 (a) യുടെ കുറിപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഡിസിഎ**

**സെക്രട്ടറിയേറ്റ്, പിഎസ്.സി. മുതലായവയിൽ അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കാൻ ബിരുദത്തൊടൊപ്പം ഡി.സി.എ. ആവശ്യമാണോ?**

നിലവിലെ സവിശേഷ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) പ്രകാരം ഡി.സി.എ. ആവശ്യമില്ല.

**പുതിയ വിജ്ഞാപനം**

**സെക്രട്ടറിയേറ്റ്, പിഎസ്.സി. മുതലായവയിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പുതിയ വിജ്ഞാപനം എന്ന് പ്രസിദ്ധീകരിക്കും?**

പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

**ബി.ഫാം യോഗ്യത**

**സെക്രട്ടറിയേറ്റ്, പിഎസ്.സി. മുതലായവയിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ബി.ഫാം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാൻ അർഹതയുണ്ടോ?**

അപേക്ഷിക്കാം.

*ഉദ്യോഗാർഥികളുടെ സംശയങ്ങൾക്ക് ഈ പംക്തിയിലൂടെ മറുപടി ലഭിക്കുന്നതിന് ചോദ്യങ്ങൾ **പബ്ലിക് റിലേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം–4** എന്ന വിലാസത്തിൽ അയയ്ക്കുക.*

## തിരുത്ത്

പിഎസ്‌സി ബുള്ളറ്റിനിന്റെ ഒക്ടോബർ 1 ലക്കത്തിൽ അഞ്ചാം പേജിലെ ഏഴാം ചോദ്യം ഇപ്രകാരം തിരുത്തിവായിക്കേണ്ടതാണ്.

7. Which of the following rivers flow towards east?
(a) Chandragiri (b) Korappuzha (c) Pamba (d) Kabani

പിഎസ്‌സി ബുള്ളറ്റിനിന്റെ ഒക്ടോബർ 1 ലക്കത്തിൽ ഏഴാം പേജിലെ ഒന്നാം കോളത്തിലെ ചോദ്യങ്ങൾ ഇപ്രകാരം തിരുത്തിവായിക്കേണ്ടതാണ്.

16. 29th September is observed as the World ..... Day:
(a) Heart (b) Lungs (c) Kidney (d) Brain
18. National Voluntary Blood Donation Day:
(a) September 26 (b) October 2 (c) October1 (d) November 14
24. World Hepatitis Day:
(a) April 2 (b) March 10 (c) February 4 (d) July 28

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 12 - 10 - 2017, 13 - 10 - 2017 തീയതികളിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 12 – 10 – 2017 അവസാന തീയതി: 15 – 11 – 2017 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈററായ www.Keralapsc.gov.in. വഴി 'ഒററത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.**

**എഴുത്ത് / ഒ.എം.ആർ പരീക്ഷ നടത്തുന്ന പക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാക്കുന്നതും, ആയത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ തീയതി മുതൽ 15 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ 359/2017
### മെഡിക്കൽ ഓഫീസർ– ആയുർവേദം
### തസ്തികമാറ്റം
### ഭാരതീയ ചികിത്സാ വകുപ്പ്

**1 വകുപ്പ്** : ഭാരതീയ ചികിത്സാ വകുപ്പ്
**2 ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ– ആയുർവേദം(തസ്തികമാറ്റം വഴിയുള്ള നിയമനം)
**3 ശമ്പളം** : ₹39500–83000/–
**4 ഒഴിവുകളുടെ എണ്ണം**: 2 (രണ്ട്)
**5 നിയമന രീതി** : തസ്തികമാറ്റം.

ഭാരതീയ ചികിത്സാവകുപ്പിൽ ഫാർമസിസ്റ്റ്/നഴ്സ്സ് വിഭാഗത്തിൽ നിന്നും യോഗ്യതയുള്ള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം [05/04/2005 തീയതിയിലെ ജി.ഒ.(പി) നമ്പർ 93/2005/എച്ച്. &എഫ്. ഡബ്ല്യൂ.ഡി]

കുറിപ്പ്: തസ്തികമാറ്റം വഴി നിശ്ചയിച്ചിട്ടുള്ള ഒഴിവുകൾക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭിക്കാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിൽ നിന്നും നികത്തുന്നതായിരിക്കും

**6 പ്രായം** : ഉയർന്ന പ്രായപരിധി ഈ നിയമനരീതിക്ക് ബാധകമല്ല.

**7 യോഗ്യതകൾ** :1.കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും നേടിയതോ അല്ലെങ്കിൽ അംഗീകരിച്ചിട്ടുള്ളതോ ആയ ആയുർവേദത്തിൽ ഉള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ട്രാവൻകൂർ – കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഉള്ള ' എ'ക്ലാസ്സ് രജിസ്ട്രേഷൻ

കുറിപ്പ്: KS & SSR Part II Rule 10(a)(ii) ബാധകമാണ്.

അപേക്ഷകൻ ചുവടെ പറയുന്ന മാതൃകയിലുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

സർവ്വീസ് സർട്ടിഫിക്കറ്റ്
(അസ്സൽ സമർപ്പിക്കുക)

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും :
3. ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് :
4. ഉദ്യോഗാർത്ഥി ഏതു സർവ്വീസിൽപ്പെടുന്നു എന്ന് :
5. സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും :
6. അപേക്ഷകൻ പ്രൊബേഷണറോ അപ്രൂവ്ഡ് പ്രേബേഷണറോ ഫുൾ മെമ്പറോ എന്ന് :

7 സർവ്വീസ് വിശദാംശങ്ങൾ

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലം | | ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | മാസം | ദിവസം | വർഷം | |
| | | | | | | | |
| | | | | | | | |

സബോർഡിനേറ്റ് സർവ്വീസിൽ പ്രേബേഷണർ / അപ്രൂവ്ഡ് പ്രോബേഷണർ / ഫുൾ മെമ്പർ ആയ ശ്രീ/ ശ്രീമതി ........................................................................ എന്ന ഉദ്യോഗസ്ഥയെ / ഉദ്യോഗസ്ഥനെ സംബന്ധിച്ച മുകളിൽ പ്രസ്ഥാവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്/
തീയതി: ഓഫീസ് തലവന്റെ പേര്:
ഉദ്യോഗപ്പേര് :

### കാറ്റഗറി നമ്പർ 360/2017
### ആർക്കിടെക്ചറൽ അസിസ്റ്റൻറ്
### പൊതുമരാമത്ത് വകുപ്പ്
### (ആർക്കിടെക്ചറൽ വിംഗ്)

**1. വകുപ്പ്** : പൊതുമരാമത്ത് (ആർക്കിടെക്ചറൽ വിംഗ്)
**2. ഉദ്യോഗപ്പേര്** : ആർക്കിടെക്ചറൽ അസിസ്റ്റൻറ്
**3. ശമ്പളം** : ₹ 39500–83000/
**4. ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടായിരിക്കും.

(കേരള ആർക്കിടെക്ചറൽ സ്റ്റേറ്റ് സർവ്വീസിലും, കേരള ആർക്കിടെക്ചറൽ സബോർഡിനേറ്റ് സർവ്വീസിലും സേവനത്തിലുള്ളവർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം പ്രായപരിധി ബാധകമല്ല.)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു നിബന്ധനകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : 1.ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ആർക്കിടെക്ചറിലുള്ള ബിരുദം

അല്ലെങ്കിൽ

ബോംബേ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റ്സിന്റെ (എഐഐഎ) അസോസിയേറ്റ് മെമ്പർഷിപ്പ്.

കൂടാതെ

2. 1972 ലെ ആർക്കിടെക്റ്റ്സ് ആക്ട് ( 1972 ലെ സെൻട്രൽ ആക്ട് 20 ) പ്രകാരം ഇൻഡ്യാ ഗവൺമെന്റിന്റെ ന്യൂഡൽഹിയിലെ കൗൺസിൽ ഓഫ് ആർക്കിടെക്ചറിൽ നിന്നുള്ള സാധുവായ നിലവിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

കുറിപ്പ് :Rule 10(a)(ii) Part II KS&SSR ബാധകമാണ്

### കാറ്റഗറി നമ്പർ:361/2017
### അസിസ്റ്റന്റ് ജിയോളജിസ്റ്റ്
### മൈനിംഗ് ആന്റ് ജിയോളജി

**1 വകുപ്പ്** : മൈനിംഗ് ആന്റ് ജിയോളജി
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ജിയോളജിസ്റ്റ്
**3. ശമ്പളം** : ₹ 36600 – 79200/–
**4. ഒഴിവുകളുടെ എണ്ണം** : 4 (നാല്)

**കുറിപ്പ്:** 13/10/2013 –ലെ G.O(P) No.43/2009/SWD. ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor disability/Cerebral palsy, Hearing impairment) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : (18–41) ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബ

ന്ധിച്ച മറ്റു നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:–** ജിയോളജിയിലോ അപ്ലൈഡ് ജിയോളജിയിലോ ഉള്ള (ഫസ്റ്റ്/സെക്കന്റ് ക്ലാസ്) എം.എസ്.സി. അഥവാ തത്തുല്യ ബിരുദം അല്ലെങ്കിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും മൈനിംഗ് എഞ്ചിനീയറിംഗിലുള്ള ബാച്ച്ലേഴ്സ് ബിരുദം.

**8. പ്രൊബേഷൻ:–** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാല സേവനത്തിനിടയിൽ രണ്ടുവർഷക്കാലം പ്രൊബേഷനിലായിരിക്കും.

**9. ടെസ്റ്റ് :–** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ പ്രൊബേഷൻ കാലയളവിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ അല്ലെങ്കിൽ ഹയർ എന്നിവ പാസാകേണ്ടതാണ്.

**കുറിപ്പ് :** KS & SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

## കാറ്റഗറി നമ്പർ:362/2017
## ജൂനിയർ കെമിസ്റ്റ്
## മൈനിംഗ് ആന്റ് ജിയോളജി

**1. വകുപ്പ്** : മൈനിംഗ് ആന്റ് ജിയോളജി
**2. ഉദ്യോഗപ്പേര്** : ജൂനിയർ കെമിസ്റ്റ്
**3. ശമ്പളം** : ₹ 36600 – 79200 /–
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–41. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുമുള്ളവർക്കും നിയമാനുസൃത ഇളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് Part II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും കെമിസ്ട്രിയിലോ/അപ്ലൈഡ് കെമിസ്ട്രിയിലോ ലഭിച്ചിട്ടുള്ള ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാം ക്ലാസ്സ് മാസ്റ്റേഴ്സ് ബിരുദം.

**പ്രൊബേഷൻ :–** ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിലായിരിക്കും.

**കുറിപ്പ് :** KS & SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

## കാറ്റഗറി നമ്പർ:363/2017
## പെർഫ്യൂഷനിസ്റ്റ്
## മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ്
**2 ഉദ്യോഗപ്പേര്** : പെർഫ്യൂഷനിസ്റ്റ്
**3 ശമ്പളം** : ₹ 29,200 – 62,400/–
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1981–നും 01.01.1999നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗം, മറ്റു പിന്നോക്കം എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:**

1. കേരള ആരോഗ്യ സർവ്വകലാശാല നൽകുന്ന പെർഫ്യൂഷൻ ടെക്നോളജിയിലുള്ള BSc ബിരുദം. അല്ലെങ്കിൽ കേരള ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച തത്തുല്യയോഗ്യത
2. കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ

**കുറിപ്പ്:** 1) KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ:364/2017
## സാനിട്ടറി കെമിസ്റ്റ്
## കേരള വാട്ടർ അതോറിറ്റി

**1 വകുപ്പ്** : കേരള വാട്ടർ അതോറിറ്റി
**2 ഉദ്യോഗപ്പേര്** : സാനിട്ടറി കെമിസ്റ്റ്
**3 ശമ്പളം** : ₹ 27100 – 63200/–
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന് )

**കുറിപ്പ്:**(I) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ് നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6 പ്രായം** : 19–36 ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (എസ്സി/എസ്ടി, ഒ.ബി.സി എന്നീ വിഭാഗങ്ങൾക്ക് നിയമാനുസൃത വയസിളവ് ലഭിക്കുന്നതാണ്.)

(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും താൽക്കാലികമായി ജോലിനോക്കിയിട്ടുള്ളവർ ആദ്യത്തെ താൽക്കാലിക നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലിനോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

**7.യോഗ്യതകൾ:** (1) രസതന്ത്രം ഐച്ഛിക വിഷയമായി നേടിയിട്ടുള്ള ബിരുദം.

(2) ജലത്തിന്റെയും മലിനജലത്തിന്റെയും കെമിക്കലും ബാക്ടീരിയോളജിക്കലും ആയ അനാലിസിസിൽ ഉള്ള പരിചയം. (അഭിലഷണീയം)

**കുറിപ്പ്** :കെ.എസ്.ആന്റ് എസ്.എസ്.ആർ.പാർട്ട് II വിലെ റൂൾ 10 (a) ii ബാധകമാണ്.

(11) (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ (viii), (ix),(x), (xi) & (xiii), എന്നീ ഉപഖണ്ഡികകളും 6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

13. 3% വികലാംഗ സംവരണം ടി തസ്തികയ്ക്ക് ബാധകമല്ല.

## കാറ്റഗറി നമ്പർ 365/2017
## സ്പെഷ്യൽ ടീച്ചർ, ഹോം ഫോർ മെൻറലി ഡെഫിഷ്യൻറ് ചിൽഡ്രൺ
## സാമൂഹ്യനീതി വകുപ്പ്

**1 വകുപ്പ്** : സാമൂഹ്യനീതി വകുപ്പ്
**2 ഉദ്യോഗപ്പേര്** : സ്പെഷ്യൽ ടീച്ചർ, ഹോം ഫോർ മെൻറലി ഡെഫിഷ്യൻറ് ചിൽഡ്രൺ
**3 ശമ്പളം** : ₹ 27800–59400/
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടാ യിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബിരുദം

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എഡ്. ബിരുദം.

മുൻഗണന: ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും സൈക്കോളജിയിൽ നേടിയ ബിരുദാനന്തര ബിരുദം/ഡിപ്ലോമ.

കുറിപ്പ് :KS&SSR Part II Rule 10(a)(ii) ബാധകമാണ്.

കുറിപ്പ് :തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ ആവശ്യമെങ്കിൽ, സെക്കന്തരാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെൻറലി ഹാൻഡികാപ്പ്ഡ്/ സർക്കാർ അംഗീകൃതമായ ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷനിൽ സ്പെഷ്യൽ ട്രെയിനിംഗിനായി നിയമിക്കുന്നതായിരിക്കും. അവർ ആ തസ്തികയിൽ തുടരുമായിരുന്നെങ്കിൽ കാലാകാലങ്ങളിൽ ലഭിക്കേണ്ട ഗ്രേഡ് പ്രോമോഷൻ ആനുകൂല്യങ്ങൾ നല്കി അവരെ അതത് തസ്തികയിൽ നിലനിർത്തുന്നതാണ്.

## കാറ്റഗറി നമ്പർ:366/2017 – 377/2017
## ജൂനിയർ ഇൻസ്ട്രക്ടർ (12 ട്രേഡുകൾ)
## വ്യാവസായിക പരിശീലനം

**1. വകുപ്പ്** : വ്യാവസായിക പരിശീലനം
**2. ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ (12 ട്രേഡുകൾ)
**3. ശമ്പളം** : ₹ 26,500/ – 56,700/–
**4. ഒഴിവുകളുടെ എണ്ണം** :

| ക്രമ നം | കാറ്റഗറി നമ്പരും ഉദ്യോഗപ്പേരും | | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 366/2017 | ഫ്രൂട്ട് ആന്റ് വെജിറ്റബിൾ പ്രോസസ്സിംഗ് | 1 |
| 2 | 367/2017 | ബേക്കറി ആന്റ് കൺഫെക്ഷനറി | 1 |
| 3 | 368/2017 | ഫുഡ് ബിവറേജസ് | 1 |
| 4 | 369/2017 | കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി ആന്റ് ഡിസൈനിംഗ് | 1 |
| 5 | 370/2017 | പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് | 1 |
| 6 | 371/2017 | മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് | 1 |
| 7 | 372/2017 | സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ് | 1 |
| 8 | 373/2017 | മൾട്ടി മീഡിയ അനിമേഷൻ ആന്റ് സ്പെഷ്യൽ എഫക്ട്സ് | 1 |
| 9 | 374/2017 | ഓപ്പറേറ്റർ അഡ്വാൻസ്ഡ് മെഷീൻ ടൂൾസ് | 1 |
| 10 | 375/2017 | കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആന്റ് നെറ്റ്‌വർക്ക് മെയിന്റനൻസ് | 1 |
| 11 | 376/2017 | അഗ്രോ പ്രോസസ്സിംഗ് | 1 |
| 12 | 377/2017 | ഡാറ്റ ബേസ് സിസ്റ്റം അസിസ്റ്റന്റ് | 1 |

**കുറിപ്പ്:** 03/01/2013–ലെ G.O(P) No.1/2013/SJD. ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (locomotor disability/cerebral palsy, hearing impairment, low vision) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 19–44. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1998 നും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുമുള്ളവർക്കും നിയമാനുസൃതഇളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:**

(1) എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത

(2) (എ) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്ന് വർഷത്തെ പരിചയവും

**അല്ലെങ്കിൽ**

(ബി) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ഒരു വർഷത്തെ പരിചയവും.

**അല്ലെങ്കിൽ**

(സി) ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽനിന്നും ലഭിച്ച അനുയോജ്യമായ എഞ്ചിനീയറിംഗ് ശാഖയിലുള്ള ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** 1. KS & SSR Part II, Rule 10(a) (ii) ബാധകമായിരിക്കും. ബന്ധപ്പെട്ട ട്രേഡിൽ വർക്ക്ഷോപ്പ് അറ്റന്ററായുള്ള പരിചയം പ്രസ്തുത ട്രേഡിലുള്ള പരിചയമായി കണക്കാക്കുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിചയ യോഗ്യത വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പരിചയ സർട്ടിഫിക്കറ്റ് അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**അനുബന്ധം**

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :
(കമ്പനി/കോർപ്പറേഷൻ/സർക്കാർ വകുപ്പ്/ സഹകരണ സ്ഥാപനം മുതലായവ)
രജിസ്ട്രേഷൻ :
(എസ്.എസ്.ഐ രജിസ്ട്രേഷൻ/ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പരും)
രജിസ്റ്റർ ചെയ്ത തീയതിയും
ഏത് ഓഫീസിൽ രജിസ്റ്റർ ചെയ്തു എന്നത് :

ശ്രീ/ശ്രീമതി. ............................ (ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ..................തസ്തികയിൽ (സ്ഥിരമായി/ താൽക്കാലികമായി/അപ്രന്റീസ്/ട്രെയിനി/കാഷ്വൽ ലേബറർ) ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക) ................രൂപ മാസ ശമ്പളത്തിൽ /ദിവസ ശമ്പളത്തിൽ ............മുതൽ ......................................... . വരെയുള്ള വർഷം.............മാസം ............... ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കിവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ പേര്,

ഒപ്പ് (തീയതി സഹിതം),
സ്ഥലം: ഔദ്യോഗിക പദവി,
തീയതി: സ്ഥാപനത്തിന്റെ പേര്
(ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

............എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ആയി ജോലി ചെയ്തിരുന്നു/ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ...............എന്ന ചട്ട പ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ
ജീവനക്കാരുടെ സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ
സ്ഥലം: ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള
തീയതി: ഒപ്പ്, പേര്, ഉദ്യോഗപ്പേര്, ഓഫീസ്.
(ഓഫീസ് സീൽ)

**കുറിപ്പ്:** എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെകൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പ്രൊബേഷൻ:–** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാല സേവനത്തിനിടയിൽ ആകെ രണ്ടുവർഷക്കാലം പ്രൊബേഷനിലായിരിക്കും.

## കാറ്റഗറി നമ്പർ:378/2017
## അക്കൗണ്ട്സ് ഓഫീസർ
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## പാർട്ട് – 1 (ജനറൽ കാറ്റഗറി)

കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിലെ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

**1. സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : അക്കൗണ്ട്സ് ഓഫീസർ
**3. ശമ്പളം** : ₹ 21070–42410/–
**4. ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)

**കുറിപ്പ്:** 1) ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതും ഈ തസ്തികയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും അറിയിച്ച ആറ് (6) ഒഴിവുകൾ ജനറൽ വിഭാഗം (പാർട്ട് 1) സൊസൈറ്റി വിഭാഗം (പാർട്ട് II) എന്നിവയ്ക്ക് 1:1 എന്ന അനുപാതത്തിൽ വിഭജിച്ചപ്പോൾ ജനറൽ വിഭാഗത്തിനു മാത്രമായി ലഭിച്ചിട്ടുള്ളതുമാകുന്നു. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതായിരിക്കും. ടി സ്ഥാപനത്തിൽനിന്നും ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ. 1:1 എന്ന അനുപാതത്തിനു മേൽ വിഭജനത്തിന് തുടർച്ചയായി വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും സൊസൈറ്റി കാറ്റഗറിയിൽനിന്നും നികത്തുന്നതാണ്. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വയ്ക്കപ്പെടുന്ന ഒഴിവുകൾ പാർട്ട് II ആയി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. കെ.എസ് ആന്റ് എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14 മുതൽ 17വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റുകൾ പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ചു കിട്ടുന്ന ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

3) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

4) KCS ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18 – 40 ഉദ്യോഗാർത്ഥികൾ 02/01/1977 നും 01/01/1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവർക്കും, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II –ലെ പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്–II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09.03.1998–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98–ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ള പക്ഷം തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**യോഗ്യതകൾ:**1) കോമേഴ്സ് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം / എം.ബി.എ ഫിനാൻസ് .
2) ACA/AICWAയിൽ ഇന്റർമീഡിയറ്റ് പാസ്സായിരിക്കണം.
3) ഒരു അംഗീകൃത സ്ഥാപനത്തിലെ അക്കൗണ്ട്സ് വകുപ്പിൽ എക്സിക്യൂട്ടീവ് തലത്തിലുള്ള 3 (മൂന്ന്) വർഷത്തെ പരിചയം.

**കുറിപ്പ് :** കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 10 (a) ii ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക**

സ്ഥാപനത്തിന്റെ പേര്
(കമ്പനി/കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് / സഹകരണ സ്ഥാപനങ്ങൾ മുതലായവ) :
രജിസ്റ്റർ നമ്പർ (ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ):
രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും:

**പരിചയ സർട്ടിഫിക്കറ്റ്**

ശ്രീ / ശ്രീമതി .................................................................................................................(ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ................................................................ (തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ........................................ രൂപ മാസ ശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ ......................... മുതൽ ........................ വരെ ........................... വർഷം .................മാസം.............................. ദിവസം ജോലി നോക്കിയിട്ടുണ്ട് /ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്,
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്
സ്ഥലം:
തീയതി: (ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

............................................. എന്ന നിയമത്തിൽ / ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ / തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട ......................................... രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി.................................... എന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ........................................................ ആയി ജോലി ചെയ്തിരുന്നു / ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള /കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ................................ എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം /നിയമപ്രകാരം സ്ഥാപനത്തിലെ
ജീവനക്കാരുടെ സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്താൻ അധികാരപ്പെട്ട
സ്ഥലം : ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള ഒപ്പ്,
തീയതി: പേര്, ഉദ്യോഗപ്പേര്, ആഫീസ്
(ഓഫീസ് സീൽ)

**നോട്ട്:** 1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11. പൊതു വ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ V ,VIII ,IX, X, XI ,XII ,XIII എന്നീ ഉപഖണ്ഡികകളും 7–ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ:379/2017
## അക്കൗണ്ട്സ് ഓഫീസർ
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലിചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് ഓൺലൈൻ ആയി മാത്രം ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**1 സ്ഥാപനം** : കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : അക്കൗണ്ട്സ് ഓഫീസർ
**3 ശമ്പളം** : ₹ 21070– 42410/
**4 ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)

**കുറിപ്പ്** 1) മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതും, കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും അക്കൗണ്ട്സ് ഓഫീസർ തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെട്ടിട്ടുള്ള ആറ് (6) ഒഴിവുകളിൽ ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള കാറ്റഗറി), സൊസൈറ്റി കാറ്റഗറി (കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള കാറ്റഗറി) വിഭാഗങ്ങൾക്ക് 1:1എന്ന അനുപാതത്തിൽ ആദ്യ ഊഴം ജനറൽ കാറ്റഗറി വിഭാഗത്തിന് എന്ന ക്രമത്തിൽ വിഭജിച്ചപ്പോൾ സൊസൈറ്റി കാറ്റഗറി വിഭാഗത്തിന് മാത്രമായി ലഭിച്ചിട്ടുള്ളതാകുന്നു. ഈ തസ്തികയ്ക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ 1:1 എന്ന അനുപാതത്തിൽ മേൽ വിഭജനത്തിന് തുടർച്ചയായി വിഭജിച്ച് ജനറൽ കാറ്റഗറിയിൽ നിന്നും (പാർട്ട് I) സൊസൈറ്റി കാറ്റഗറിയിൻ നിന്നും (പാർട്ട് II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം നിയമാനുസൃതമായി ജനറൽ കാറ്റഗറി വിഭാഗത്തിനുള്ളതാണ്.

2) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെ

ടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനം പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ചുകിട്ടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

3) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

4) KCS റൂൾ 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി മൂന്നു വർഷത്തെ സർവ്വീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5 നിയമന രീതി** : കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1967 നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7 യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ) ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2) കോമേഴ്സ് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം / എം.ബി.എ ഫിനാൻസ്

3) ACA/AICWAൽ ഇന്റർമീഡിയറ്റ് പാസ്സായിരിക്കണം.

4) ഒരു അംഗീകൃത സ്ഥാപനത്തിലെ അക്കൗണ്ട്സ് വകുപ്പിൽ എക്സിക്യൂട്ടീവ് തലത്തിലുള്ള 3 (മൂന്ന്) വർഷത്തെ പരിചയം.

**കുറിപ്പ്** : 1) Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കെ.പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക**

സ്ഥാപനത്തിന്റെ പേര്
(കമ്പനി/കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് / സഹകരണ സ്ഥാപനങ്ങൾ മുതലായവ) :
രജിസ്റ്റർ നമ്പർ
(ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :
രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും :

**പരിചയ സർട്ടിഫിക്കറ്റ്**

ശ്രീ / ശ്രീമതി ........ ...................... ...................... ................................. .... ..............................................................(ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ..................................................................... (തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ........................................... രൂപ മാസ ശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ ......................... മുതൽ ............................ വരെ ............................ വർഷം .................മാസം ..................... ദിവസം ജോലി നോക്കിയിട്ടുണ്ട് /ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്,
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്

സ്ഥലം:
തീയതി: (ഓഫീസ് സീൽ)

**സാക്ഷ്യപത്രം**

.............................................. എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട ............................ ....... ....... രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി.................................. എന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ................................. ................. ആയി ജോലി ചെയ്തിരുന്നു / ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള /കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ................................ എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം /നിയമപ്രകാരം സ്ഥാപനത്തിലെ
വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്താൻ അധികാരപ്പെട്ട
ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള ഒപ്പ്,
പേര്, ഉദ്യോഗപ്പേര്, ആഫീസ്

സ്ഥലം :
തീയതി: (ഓഫീസ് സീൽ)

**നോട്ട്** :1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി / മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ്** : 1) ജനറൽ വിഭാഗത്തിലെ അപേക്ഷകർക്കും (ജനറൽ കാറ്റഗറി), മെമ്പർ സൊസൈറ്റികളിൽ അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനിൽ ജോലി ചെയ്തു വരുന്ന അപേക്ഷകർക്കുമായി (സൊസൈറ്റി കാറ്റഗറി) പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ജനറൽ ഓപ്പൺമാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യഥാക്രമം നിയമനശുപാർശ നടത്തുന്നതും ആദ്യ നിയമന ശുപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 1417 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നു വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റ്**

1 ഉദ്യോഗാർത്ഥിയുടെ പേര് :

2 ഉദ്യോഗപ്പേര്, ശമ്പളനിരക്ക് (ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും, ശമ്പളവും ഓരോ തസ്തികയിലും സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും) :

3 ഉദ്യോഗാർത്ഥി ജോലി ചെയ്യുന്ന സഹകരണ സംഘത്തിന്റെ പേരും സഹകരണ സംഘം കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്ത തീയതിയും :

4 ടി സംഘത്തിൽ സ്ഥിരസേവനം ആരംഭിച്ച തീയതിയും തസ്തികയും ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയും :

മേൽ പറഞ്ഞ മെമ്പർ സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാരനായ / ജീവനക്കാരിയായ ശ്രീ/ശ്രീമതി.................................... ........... നെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥിയുടെ സർവ്വീസ് സംബന്ധമായി വിവരങ്ങളുമായി ഒത്തുനോക്കിയതിൽ ആയവ സത്യമാണെന്ന് എനിക്ക് ബോദ്ധ്യമായിട്ടുള്ളതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പും, പേരും
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സഹകരണ വകുപ്പ്

സ്ഥലം:
തീയതി: (ഓഫീസ് മുദ്ര)

11 പൊതുവ്യവസ്ഥകളിലെ 2, 7 എന്നീ ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ:380/2017
## സൗണ്ട് എഞ്ചിനീയർ
## കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

**1 സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : സൗണ്ട് എഞ്ചിനീയർ
**3 ശമ്പളം** : ₹ 13610 – 20700 (PR)
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്** : ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–41. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന ക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi), (vii) & (xii) നോക്കുക.)

**7. യോഗ്യതകൾ** :

a) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും സൗണ്ട് റെക്കോർഡിംഗ്, സൗണ്ട് എഞ്ചിനീയറിംഗ് എന്നിവയിലുള്ള 3 (മൂന്ന്) വർഷത്തെ ഡിപ്ലോമ കോഴ്സ്.

b) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിൽ സ്വതന്ത്ര സൗണ്ട് റെക്കോർഡിസ്റ്റായി 5 (അഞ്ച്) വർഷത്തെ പരിചയം.

**അഭിലഷണീയം**

a) ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ മെയിന്റനൻസിലുള്ള കഴിവ്.

b) സംഗീതത്തിലുള്ള പരിചയം.

**കുറിപ്പ്** : മതിയായ പ്രായോഗിക പരിചയം നേടിയ പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ പ്രായോഗിക പരിചയം ഇല്ലാത്ത പട്ടികജാതി/ പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്. ആവശ്യമെങ്കിൽ അങ്ങനെയുള്ളവർക്ക് പ്രൊബേഷൻ കാലയളവിൽ ഇൻസർവ്വീസ് ട്രെയിനിംഗ് നൽകുന്നതാണ്.

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് (കമ്പനി/കോർപ്പറേഷൻ/ ഗവ.ഡിപ്പാർട്ട്മെന്റ് / സഹകരണ സ്ഥാപനങ്ങൾ മുതലായവ) :
രജിസ്ട്രേഷൻ നമ്പർ :
സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി. ...................................................................... (അപേക്ഷകന്റെ പേരും മേൽവിലാസവും) .................................................. ഈ സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്) ......................... ............... മുതൽ ............................................ വരെ (കാലയളവ് വ്യക്തമാക്കണം) ............................................ തസ്തികയിൽ സ്ഥിരമായി/ താൽക്കാലികമായി/ അപ്രന്റീസായി/ട്രെയിനി/ദിവസവേതനം (ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര്) ആയി പ്രതിമാസം ............................. രൂപ ശമ്പള നിരക്കിൽ / പ്രതിദിനം .................. രൂപ ശമ്പള നിരക്കിൽ ജോലി ചെയ്തിട്ടുണ്ട്/ ചെയ്തുവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
തീയതി സഹിതമുള്ള ഒപ്പ്, പേര്,
ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്

സ്ഥലം :
തീയതി : (ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ./ശ്രീമതി. ........................................................ (അതിൽ പറയുന്ന കാലയളവിൽ) ടി സ്ഥാപനത്തിൽ .............................................. ................................... ആയി (ജോലിയുടെ പേര്) ജോലി ................................................ ചെയ്തതായി / ചെയ്യുന്നതായി .................................................................................... നിയമപ്രകാരം /ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ ............................................. (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം ) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ പറഞ്ഞിട്ടുള്ള കാലയളവിൽ ടി സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു / ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ................................ .................... ................. എന്ന ചട്ടപ്രകാരം/നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ
തീയതി സഹിതമുള്ള ഒപ്പ്, പേര്, ഉദ്യോഗപ്പേര്,
ഓഫീസ്

സ്ഥലം :
തീയതി : (ഓഫീസ് മുദ്ര)

**കുറിപ്പ്** 1)പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത നേടിയതിനുശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.

2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

3)പരിചയ സർട്ടിഫിക്കറ്റ് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ 19–ാം ഖണ്ഡിക പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതായിരിക്കണം.

4) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

**നോട്ട് :** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ 381/2017
## എൽ.ഡി. ടൈപ്പിസ്റ്റ് (തസ്തികമാറ്റം വഴി)
## കേരള വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ്/ മിനിസ്റ്റീരിയൽ ജീവനക്കാർക്കായി മാത്രം

**1 വകുപ്പ്** : കേരള വാട്ടർ അതോറിറ്റി
**2 ഉദ്യോഗപ്പേര്** : എൽ.ഡി.ടൈപ്പിസ്റ്റ് (തസ്തികമാറ്റം വഴി)
**3 ശമ്പളം** : ₹ 10470–26870/
**4 ഒഴിവുകളുടെ എണ്ണം** : 4 ( നാല് )

കുറിപ്പ്:(i)മുകളിൽ പറഞ്ഞ തസ്തികയുടെ ചുരുക്കപ്പട്ടിക/ സാധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

(II)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ് നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനി പ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയലവിനുള്ളിലായിരിക്കും.

**5.നിയമനരീതി** : തസ്തികമാറ്റം വഴി കേരള വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ്/ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്ന്

**കുറിപ്പ്:** ലോവർ ഡിവിഷൻ ടൈപ്പിസ്റ്റിന്റെ 10% ഒഴിവുകൾ കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ ലാസ്റ്റ് ഗ്രേഡ്)സർവ്വീസ് റൂൾസ് പ്രകാരമോ കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സർവ്വീസസ് റൂൾസ് /കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സ്പെഷ്യൽ റൂൾസ് പ്രകാരമോ കമ്മീഷന്റെ പരിധിയ്ക്കുള്ളിലുള്ള തസ്തികകളിൽ വാട്ടർ അതോറിറ്റിയിലെ ഏതെങ്കിലും താഴ്ന്ന വിഭാഗത്തിൽ ജോലിചെയ്യുന്നവർക്കായി നീക്കിവച്ചിട്ടുള്ളതാണ് (അപേക്ഷകർ പ്രസ്തുത വിഭാഗത്തിൽ സ്ഥിരജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്.) യോഗ്യരായ അപേക്ഷകർക്കായി പി.എസ്.സി ഒരു പരീക്ഷ നടത്തുന്നതും അതിൽ 40% ത്തിൽ കുറയാത്ത മാർക്ക് നേടുന്നവരെ നിയമനത്തിനായുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതും ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതുമാണ്. ടി തസ്തികയ്ക്കായി തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധിയ്ക്കുള്ളിൽ ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമനശിപാർശ ചെയ്യപ്പെടാതെ വരുന്ന പക്ഷം ടി ഉദ്യോഗാർത്ഥികളെ ടി തസ്തികയ്ക്കായി അടുത്ത് തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉയർന്ന റാങ്കുകാരായി അതേ ക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

**6. പ്രായം** : അൻപത് (50)വയസ്സ് കവിയാൻ പാടില്ല.

**കുറിപ്പ്:** ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്നവർക്ക് വികലാംഗർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**7.യോഗ്യതകൾ:** 1. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം

2. ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ് )(കെ.ജി.റ്റി.ഇ)ലോവർ /തത്തുല്യ യോഗ്യത

3. ടൈപ്പ്റൈറ്റിംഗ് (മലയാളം)(കെ.ജി.റ്റി.ഇ)ലോവർ / തത്തുല്യ യോഗ്യത

4. ഒരു സർക്കാർ/അർദ്ധസർക്കാർ / സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും 6 മാസത്തിൽ കുറയാതെയുള്ള പഠനത്തിനു ശേഷം ലഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ( DCA)

8. ഉദ്യോഗാർത്ഥികൾ താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് മേലധികാരിയിൽ നിന്നും വാങ്ങിക്കേ ണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക (സർട്ടിഫിക്കറ്റിന്റെ അസ്സൽ കമ്മീഷന് ഹാജരാക്കേണ്ടതാണ്)

1.ഉദ്യാഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ പേര് :
2.ഇപ്പോൾ വഹിക്കുന്ന തസ്തികയും ശമ്പള സ്കെയിലും:
3.ഇപ്പോൾ ജോലിചെയ്യുന്ന വകുപ്പ് :
4.ഇപ്പോൾ ജോലിചെയ്യുന്ന തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിയും പ്രൊബേഷൻ പ്രഖ്യാപിച്ച തീയതിയും:
5.സേവനം സംബന്ധിച്ച വിശദാംശങ്ങൾ (സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ ഇതുവരെയുള്ളത്) :

| തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | വകുപ്പ് |
|---|---|---|
| കാലയളവ് മുതൽ | വരെ | |

ശ്രീ/ശ്രീമതി........................................... . എന്നയാൾ കേരള വാട്ടർ അതോറിറ്റി സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരാംഗം/ പ്രൊബേ ഷൻ പൂർത്തിയാക്കിയ ആൾ ആണെന്നും മേൽപ്പറഞ്ഞ വിവരങ്ങൾ ടിയാന്റെ സർവ്വീസ് രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ആഫീസ്/വകുപ്പ് മേലധികാരിയുടെ
ഒപ്പും(തീയതി സഹിതം)
സ്ഥലം. പേരും ഔദ്യോഗിക പദവിയും
തീയതി. (ഓഫീസ് സീൽ)

## കാറ്റഗറി നമ്പർ:382/2017
## ഷിഫ്റ്റ് സൂപ്പർവൈസർ (ഫാക്ടറി)
## സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

1 **സ്ഥാപനത്തിന്റെ പേര്**: സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : ഷിഫ്റ്റ് സൂപ്പർവൈസർ (ഫാക്ടറി)
3 **ശമ്പളം** : ₹ 3590–5400/– (PR)
4 **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ് :** iii)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന ക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi),(vii), & (xii) നോക്കുക.)

**7. യോഗ്യതകൾ :**

എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത.

മെക്കാനിക്കൽ/ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ മൂന്ന് വർഷക്കാലയളവിലുള്ള ഡിപ്ലോമ.

**പരിചയം:** ഒരു റബ്ബർ പ്രോസസിംഗ് ഫാക്ടറിയിൽ രണ്ടു വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം

**കുറിപ്പ്:** 1) KS&SSR Part II Rule 10(a) ii ബാധകമാണ്.

2) തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കുന്ന സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :
(കമ്പനി/ കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ)
രജിസ്റ്റർ നമ്പർ (എസ്.എസ്.ഐ രജിസ്ട്രേഷൻ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :
സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി. ........................................................... ...(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ...................................................... (തസ്തികയുടെ പേര്/ ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ..........................രൂപ മാസ ശമ്പളത്തിൽ / ദിവസ ശമ്പളത്തിൽ ......................മുതൽ ............................... വരെ .........................വർഷം ..................... മാസം ..................... ദിവസം ജോലി നോക്കിയിട്ടുണ്ട് /ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ തീയതി
സ്ഥലം : സഹിതമുള്ള ഒപ്പ്, പേര്,
തീയതി : ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്
(ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

............................... എന്ന നിയമത്തിൽ/ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ /തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട ............................................ ...................................... രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ........................................................................ ആയി ജോലി ചെയ്തിരുന്നു/ ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ......................................................... എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം
ടിസ്ഥാപനത്തിലെ ജീവനക്കാരുടെ
സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ
സ്ഥലം : തീയതി സഹിതമുള്ള
തീയതി : ഒപ്പ്, പേര്, ഉദ്യോഗപ്പേര്, ഓഫീസ്
(ഓഫീസ് മുദ്ര)

**കുറിപ്പ് 1:** അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യത

യോ നേടിയതിനുശേഷമുള്ള പ്രവൃത്തി പരിചയം മാത്രമേ സ്വീകരിക്കുകയുള്ളൂ. കൂടാതെ പരിചയം അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്ക് മുൻപ് ആർജ്ജിച്ചിരിക്കണം.

2. പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥിയുടെയും പേരിൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതുമാണ്. രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

3. പ്രവൃത്തി പരിചയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19 മുതൽ 21 വരെയുള്ള ഖണ്ഡികകൾ നോക്കുക.

11(a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5 (a) , 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ:383/2017
## പ്യൂൺ/വാച്ച്മാൻ
### (കെ. എസ്. എഫ്. ഇ ലിമിറ്റഡിലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്ന് നേരിട്ടുള്ള നിയമനം)
## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്

1 **സ്ഥാപനത്തിന്റെ പേര്**: കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്

2 **ഉദ്യോഗപ്പേര്** : പ്യൂൺ/വാച്ച്മാൻ (കെ.എസ്.എഫ്.ഇ ലിമിറ്റഡിലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്ന് നേരിട്ടുള്ള നിയമനം)

3 **ശമ്പളം** : ₹ 7735 – 13090/–

4 **ഒഴിവുകളുടെ എണ്ണം** : 42 (നാൽപത്തിരണ്ട്)

**കുറിപ്പ് :** iii)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

iv) 03.01.2013 ലെ, GO(P) No.1/2013/SJD പ്രകാരം 3% ഒഴിവുകൾ ചലന വൈകല്യം/ സെറിബ്രൽ പാൾസി, ശ്രവണവൈകല്യം, കാഴ്ചക്കുറവ്/അന്ധത എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ, ഗാർഡനർ, പാക്കർ, ഡെസ്പാച്ചർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന, അപേക്ഷാ തീയതിയിൽ പ്രസ്തുത സ്ഥാപനത്തിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള സേവനം ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം)

**കുറിപ്പ്** : (a) നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള ഒഴിവുകളിൽ 33 1/3% ഒഴിവുകൾ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിലെ പാർട്ട് ടൈം ജീവനക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

(b) ആദ്യത്തെ ഒഴിവിൽ പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ, ഗാർഡനർ, പാക്കർ, ഡെസ്പാച്ചർ വിഭാഗത്തിൽ നിന്നും നിയമിക്കുന്നതും തുടർന്നുള്ള രണ്ട് ഒഴിവുകൾ പൊതുവിഭാഗത്തിലെ ഉദ്യോഗാർത്ഥികളിൽ (ഓപ്പൺ മാർക്കറ്റ്) നിന്നും നിയമിക്കുന്നതുമായിരിക്കും.

(c) നിശ്ചിത യോഗ്യതയുള്ള പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ, ഗാർഡനർ, പാക്കർ, ഡെസ്പാച്ചർമാരുടെ അഭാവത്തിൽ ഒഴിവുകൾ പൊതു ഉദ്യോഗാർത്ഥികളിൽ (ഓപ്പൺ മാർക്കറ്റ്) നിന്നും നികത്തുന്നതാണ്.

(d) ഈ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ നടത്തുന്നത് സംവരണ തത്വങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

**6 പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1967നും 01.01.1999നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾ ബാധകമല്ല.

**7 യോഗ്യതകൾ** : 6–ാം സ്റ്റാൻഡേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യം.

അപേക്ഷാ തീയതിയിൽ പ്രസ്തുത സ്ഥാപനത്തിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള സേവനം ഉണ്ടായിരിക്കണം.

**കുറിപ്പ്** : കെ.എസ്. & എസ്.എസ്.ആർ പാർട്ട് II ലെ റൂൾ 10 (a)(ii) ബാധകമാണ്.

### സർവ്വീസ് സർട്ടിഫിക്കറ്റ്

ഉദ്യോഗാർത്ഥിയുടെ പേര് :
ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന
തസ്തികയുടെ പേരും ശമ്പള സ്കെയിലും :
ഇപ്പോൾ ജോലി നോക്കുന്ന
സ്ഥാപനത്തിന്റെ പേര് :
ഉദ്യോഗാർത്ഥി ഏത് സർവ്വീസിൽ
പെടുന്നു എന്ന് :
സർവ്വീസ് തുടങ്ങിയ തീയതി :
സേവനവിവരങ്ങൾ

| ക്രമ നം. | വഹിച്ച തസ്തിക | കാലം | | സർവ്വീസ് ദൈർഘ്യം | | |
|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം |
| | | | | | | |

ആകെ സർവ്വീസ്

ശ്രീമതി.........................................................................

എന്ന ഉദ്യോഗസ്ഥനെ(യെ) സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഓഫീസ് തലവന്റെ ഒപ്പ് :
സ്ഥലം : പേര് :
തീയതി : ഉദ്യോഗപ്പേര് :
(ഓഫീസ് മുദ്ര)

11(a)പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b)മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

# ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ 384/2017
## സീമാൻ
## ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്
## (തുറമുഖ വകുപ്പ്)

1 **വകുപ്പ്** : ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് (തുറമുഖ വകുപ്പ്)

2. **ഉദ്യോഗപ്പേര്** : സീമാൻ

3. **ശമ്പളം** : ₹ 17,50–39,500/

4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കോഴിക്കോട് 01 (ഒന്ന്)

**കുറിപ്പ്:** i) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

iv) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം

6. **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് )വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ നോക്കുക.

7. **യോഗ്യതകൾ :**

1) എട്ടാം സ്റ്റാൻന്റേർഡ് വരെ പഠിച്ചിരിക്കണം

2) ബോട്ട് പുള്ളിംഗിലും (Boat pulling) നോട്ട്സിലും (knots) സ്പ്ലൈസസ് ആൻഡ് റിഗ്ഗിംഗിലും (Splices and Rigging) ഒറ്റ സിലിണ്ടറുള്ള മോട്ടോർ ബോട്ടുകൾ കൈകാര്യം ചെയ്യുന്നതിലും (Handling Single Cylinder Motor Boats) നങ്കൂരപ്പണിയിലും (Anchor work) നീന്തലിലും (Swimming) ഉള്ള പ്രാഗത്ഭ്യം ഉണ്ടായിരിക്കണം. ഇവയുടെ പ്രാഗത്ഭ്യം തെരഞ്ഞെടുപ്പ് സമയത്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ വിലയിരുത്തുന്നതാണ്.

**കുറിപ്പ്:–** 12.2.1970 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 50/70/പി.ഡി.തുടർന്ന് 21.7.1970 ലെ ഭേദഗതിയും [ജി.ഒ.(എം.എസ്.) നമ്പർ 246/70/പി.ഡി] അനുസരിച്ച് വിഴിഞ്ഞത്തുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നോട്ടിക്കൽ സ്റ്റഡീസിലോ (Kerala Institute of Nautical Studies, Vizhinjam) അല്ലെങ്കിൽ അതുപോലുള്ള മറ്റേതെങ്കിലും സ്ഥാപനത്തിലോ സീമാൻ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്ക് തെരഞ്ഞെടുപ്പിൽ മുൻഗണന നൽകുന്നതാണ്.

3) താഴെപറയുന്ന ശാരീരിക നിലവാരം ഉണ്ടായിരിക്കണം

ഉയരം : 165 (നൂറ്റിയറുപത്തിയഞ്ച്) സെന്റീമീറ്ററിൽ കുറയാൻ പാടില്ല. (പാദരക്ഷയില്ലാതെ)

തൂക്കം : 50 (അൻപത്) കിലോഗ്രാമി കുറയാൻ പാടില്ല.

**നെഞ്ചളവ് :** വികസിപ്പിക്കാതെ 80 (എൺപത്) സെന്റീമീറ്ററിൽ കുറയാൻ പാടില്ല. വികസിക്കുമ്പോൾ (എക്സ്പാൻഷൻ) 85 (എൺപത്തിയഞ്ച്) സെന്റീമീറ്ററിൽ കുറയാൻ പാടില്ല.

**കുറിപ്പ് :–** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക്

**ഉയരം** : 160 (നൂറ്റിയറുപത്) സെന്റീമീറ്ററിൽ കുറയാൻ പാടില്ല. (പാദരക്ഷയില്ലാതെ)

തൂക്കം : 48 (നാല്പത്തിയെട്ട്) കിലോഗ്രാമിൽ കുറയാൻ പാടില്ല.

നെഞ്ചളവ് : വികസിപ്പിക്കാതെ 78 (എഴുപത്തിയെട്ട്) സെന്റീമീറ്ററിൽ കുറയാൻ പാടില്ല. വികസിക്കുമ്പോൾ (എക്സ്പാൻഷൻ) 83 (എൺപത്തിമൂന്ന്) സെന്റീമീറ്ററിൽ കുറയാൻ പാടില്ല .

**കുറിപ്പ്:** KS&SSR Part II Rule 10 (a) (ii) യിലെ വ്യവസ്ഥകൾ ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 385/2017
## ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്
## എൻ. സി. സി. /സൈനികക്ഷേമം

1. **വകുപ്പ്** : എൻ.സി.സി./സൈനികക്ഷേമം

2. **ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്

3. **ശമ്പളം** : ₹ 16,500–35,700/

4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

തിരുവനന്തപുരം–5, കൊല്ലം–3, പത്തനംതിട്ട–1, കോട്ടയം–3, എറണാകുളം–1, തൃശ്ശൂർ–1 , പാലക്കാട് –1, കോഴിക്കോട് –4, കണ്ണൂർ –1, ഇടുക്കി –1, ആലപ്പുഴ, മലപ്പുറം, വയനാട്, കാസർഗോഡ് – പ്രതീക്ഷിത ഒഴിവുകൾ

കുറിപ്പ് :(i)04.06.2016 തീയതിയിലെ G.O (P) No. 12/2016/P & ARD സർക്കാർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം തയ്യാറാക്കിയിരിക്കുന്നത് .

(ii)ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്.

എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii)ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോ

ഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) നിയമനാധികാരികൾ എഴുതി അറിയിക്കുന്ന ആസ്ഥാന ഒഴിവുകൾ തിരുവനന്തപുരം ജില്ല തുടങ്ങി കാസറഗോഡ് വരെയുള്ള ജില്ലകളിലേയ്ക്ക് ക്രമമായി കമ്മീഷന്റെ ഓഫീസിൽ നിന്നും അലോട്ട് ചെയ്ത് കൊടുക്കുന്നതും പ്രസ്തുത ജില്ലകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഏതൊരു ഉദ്യോഗാർത്ഥിയും അപ്രകാരമുള്ള ഒഴിവുകളിലേയ്ക്കും നിയമിക്കപ്പെടാവുന്നതുമാണ്. അപ്രകാരം നിയമിതരാകുന്നവർക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം സംബന്ധിച്ച് 28.09.13 ലെ G.O.(P)No.27/2013/ഉ.പ.വ–ാം നമ്പർ സർക്കാർ ഉത്തരവിലെ പുതുക്കിയ മാനദണ്ഡങ്ങൾ ബാധകമാകുന്നതാണ്.

(vi)03.01.13 ലെ G.O (P) No. 1/2013/SJD പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷി വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

(vii)(a) 26.11.1977ലെ G.O.(P)No.399/77/GAD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (ബി.എസ്.എഫ്.), ഡിഫൻസ് സെക്യൂരിറ്റി കോർപ്സ് (ഡി.എസ്.സി.), ആസ്സാം റൈഫിൾസ് ജനറൽ റിസർവ്വ് എഞ്ചിനീയറിംഗ് ഫോഴ്സ് (ജി.ആർ.ഇ.എഫ്.) ജമ്മു കാശ്മീർ സൈനിക സേവനം, ലോക സഹായക് സേവ എന്നിവിടങ്ങളിൽ അനുഷ്ഠിച്ച സേവനം സൈനിക സേവനമായി കണക്കാക്കുന്നതല്ല.

(b)03.07.1980 ലെ G.O.(P)No.271/80/GAD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം ടെറിട്ടോറിയൽ ആർമി പേഴ്സണൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1967 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

കുറിപ്പ് :യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കക ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7.യോഗ്യതകൾ : (i) 7–ാം ക്ലാസ് പാസായിരിക്കണം. എന്നാൽ യാതൊരു വിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല.

(ii) ഒരു വിമുക്തഭടനായിരിക്കണം.

കുറിപ്പ് :ഈ വിജ്ഞാപന പ്രകാരം, ഏതെങ്കിലും ബിരുദം നേടിയവർ (മിലിട്ടറി സർവ്വീസിൽ നിന്നു ലഭിക്കുന്ന ബിരുദമുൾപ്പെടെ), ഈ തസ്തികയ്ക്ക് അർഹരല്ല. ഈ നിർദ്ദേശത്തിന് വിപരീതമായി വസ്തുതകൾ മറച്ച് വച്ച് അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നിരുപാധികം നിരസിക്കപ്പെടുകയും, റാങ്ക് പട്ടികയിൽ നിന്നും നീക്കം ചെയ്യപ്പെടുകയും സർവ്വീസിൽ നിന്ന് ഒഴിവാക്കുന്നതുൾപ്പെടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഈ വിജ്ഞാപനപ്രകാരം ലാസ്റ്റ് ഗ്രേഡ് സർവീസസ്സിലെ എല്ലാ ഉദ്യോഗങ്ങൾക്കുമായി പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളുടെ പേര് എഴുതാതെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് എന്നു മാത്രം കാണിച്ച് ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

**പ്രൊബേഷൻ:** ഏതൊരു കാറ്റഗറിയിലും നിയമനം ലഭിക്കുന്നയാൾ പ്രസ്തുത തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ 386/2017
### മാനേജർ ഗ്രേഡ് IV (ഓഫീസർ ഗ്രേഡ് IV)
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
### കേരള ഫിനാൻഷ്വൽ എന്റർപ്രൈസസ് ലിമിറ്റഡ്

**1 വകുപ്പ്** : കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : മാനേജർ ഗ്രേഡ് IV (ഓഫീസർ ഗ്രേഡ് IV) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**3 ശമ്പളം** : ₹ 32,385–1,05,035/

**4 ഒഴിവുകളുടെ എണ്ണം** : 3 (മൂന്ന്)

**കുറിപ്പ്:** (i)ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:**പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

കുറിപ്പ് : നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച എം.കോം ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. അല്ലെങ്കിൽ എഞ്ചിനീയറിംഗ് ബിരുദവും ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമയും.

8 (a) തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷക്കാലം കമ്പനിയിൽപരിശീലനത്തിലായിരിക്കും. പരിശീലനകാലം പ്രൊബേഷന് പരിഗണിക്കപ്പെടുകയില്ല.

(b) പരിശീലനത്തിന്ശേഷം സ്ഥിരം നിയമനം ലഭിക്കുന്നവർ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

കുറിപ്പ് : യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

13 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

14. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ 387/2017
### എംപ്ലോയ്മെന്റ് ഓഫീസർ
### നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം)

**1 വകുപ്പ്** : നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)

**2 ഉദ്യോഗപ്പേര്** : എംപ്ലോയ്മെന്റ് ഓഫീസർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം)

**3 ശമ്പളം** : ₹ 36,600–79,200

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 25–45 ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1992 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : 1 ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും മനഃശാസ്ത്രത്തിലോ, എഡ്യൂക്കേഷനിലോ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദം.

2(a) വൊക്കേഷണൽ ഗൈഡൻസിലുള്ള സ്പെഷ്യലൈസേഷൻ അല്ലെങ്കിൽ (b) സംസ്ഥാന വൊക്കേഷണൽ ഗൈഡൻസ് ബ്യൂറോയിൽ നിന്നോ കേരളത്തിലെ ഒരു അംഗീകൃത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്നോ വൊക്കേഷണൽ ഗൈഡൻസിൽ നേടിയ ഡിപ്ലോമ. അല്ലെങ്കിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം.

**3 പ്രവൃത്തി പരിചയം:** സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകരിച്ചതോ, അംഗീകൃത സർക്കാർ സ്ഥാപനം എന്നിവയിൽ ഏതെങ്കിലും ഒന്നിൽ നിന്ന് 5 വർഷത്തിൽ കുറയാതെ ജോലി നോക്കുകയും അതിൽ 3 വർഷം Supervisory Capactiy ആയിട്ടുള്ളതും എഡ്യൂക്കേഷനിലോ, വൊക്കേഷണൽ ഗൈഡൻസ് വർക്കിലോ ഉള്ള പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. (പ്രവൃത്തി പരിചയം അക്കാഡമിക് യോഗ്യതയ്ക്ക് ശേഷം നേടിയതായിരിക്കണം).

**പ്രൊബേഷൻ :** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ആൾ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തെ സർവീസിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**ടെസ്റ്റ് :**ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്ന ആൾ പ്രൊബേഷൻ കാലയളവിൽ

1) വകുപ്പുതലത്തിൽ നടത്തുന്ന Employment Exchange Procedure sSIv

2) Account Test (Lower)

3) Manual of Office Procedure 'Test എന്നിവ പാസ്സായിരിക്കണം.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ 388/2017
### ലോവർ ഡിവിഷൻ ക്ലാർക്ക്
### (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
### കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

**1 വകുപ്പ്** : കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

**2 ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
**3 ശമ്പളം** : ₹ 19,000–43,600 (Revised)
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയംത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

കുറിപ്പ്: പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല).

കുറിപ്പ്: നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : എസ്.എസ്.എൽ.സി. അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം

കുറിപ്പ്:യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

11പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 389/2017
## വർക്ക്ഷോപ്പ് അറ്റൻഡർ (ആർക്കിടെക്ക്ച്ചറൽ അസിസ്റ്റന്റ്) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം) വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** :വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** :വർക്ക്ഷോപ്പ് അറ്റൻഡർ (ആർക്കിടെക്ക്ചറൽ അസിസ്റ്റന്റ്) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3 ശമ്പളം** : ₹ 9190–15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം**:01 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** :നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ് :** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** :19–49

ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത

2(എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്
അല്ലെങ്കിൽ
(ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**കുറിപ്പ് :** Rule 10 (a) ii Part II of KS & SSR പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തീയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 390/2017
## വർക്ക്ഷോപ്പ് അറ്റൻഡർ (ഡി/സിവിൽ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** :വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** :വർക്ക്ഷോപ്പ് അറ്റൻഡർ (ഡി/സിവിൽ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3 ശമ്പളം** : ₹ 9190–15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം**: 04 (നാല്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി :** നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 19–49

ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത

2(എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്
അല്ലെങ്കിൽ
(ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**കുറിപ്പ് :** Rule 10 (a) ii Part II of KS & SSR പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തീയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 391/2017
## വർക്ക്ഷോപ്പ് അറ്റൻഡർ (ഡി/സിവിൽ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം) വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** :വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** :വർക്ക്ഷോപ്പ് അറ്റൻഡർ (ഡി/സിവിൽ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
**3 ശമ്പളം** :₹ 9190–15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നട

ത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം )

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 19 –49
ഉദ്യോഗാർത്ഥികൾ 02.01.1968 നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത
2(എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്
അല്ലെങ്കിൽ
(ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**കുറിപ്പ് :** Rule 10 (a) ii Part II of KS & SSR പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13.നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01. 1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ:392/2017
## വർക്ക്ഷോപ്പ് അറ്റൻഡർ (എം. ആർ. എ. സി)
## (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
## വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** :വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** :വർക്ക്ഷോപ്പ് അറ്റൻഡർ (എം.ആർ.എ.സി) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3 ശമ്പളം** :₹ 9190–15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** :19–49
ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :**
1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. (എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്
അല്ലെങ്കിൽ
(ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**കുറിപ്പ്** :KS&SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13.നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29. 11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ:393/2017
## വർക്ക്ഷോപ്പ് അറ്റൻഡർ
## (മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ)
## (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
## വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** :വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** :വർക്ക്ഷോപ്പ് അറ്റൻഡർ (മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3 ശമ്പളം** :₹ 9190–15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം**: 02 (രണ്ട് )

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:**പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** :19–49
ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. (എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്
**അല്ലെങ്കിൽ**
(ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**കുറിപ്പ്:** KS&SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/P-D, 29. 11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ:394/2017
## വർക്ക്ഷോപ്പ് അറ്റൻഡർ
## (മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ)
## (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** :വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** :വർക്ക്ഷോപ്പ് അറ്റൻഡർ (മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
**3 ശമ്പളം** :₹ 9190–15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം** : 02 (രണ്ട് )

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം

(ശേഷം പേജ് 15)

# കേരള പബ്ലിക് സർവീസ് കമ്മിഷൻ പുതിയ രജിസ്ട്രേഷ

2012 ജനുവരി 1 മുതൽ പി.എസ്.സി യിൽ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചു. നാളിതുവരെ നാൽപ്പത്തിരണ്ട് ലക്ഷത്തോളം ഉദ്യോഗാർഥികൾ പ്രസ്തുത സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. വജ്ര ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർഥികൾക്കു നൽകുന്ന സേവനം കൂടുതൽ മെച്ചപ്പെടുത്താൻ പബ്ലിക് സർവീസ് കമ്മിഷൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമെന്നോണം പി. എസ്. സി യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം കൂടുതൽ ഉദ്യോഗാർഥി സൗഹൃദമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യ പടിയായി പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർഥികൾക്കായുള്ള മോഡ്യൂൾ നവീകരിച്ചിട്ടുണ്ട്.


ആദ്യത്തേതിൽ നിന്ന് വ്യത്യസ്തമായി പുതിയ രജിസ്ട്രേഷൻ നടത്തുന്നതിന് അഞ്ച് ഘട്ടങ്ങളുണ്ട്. ഉദ്യോഗാർഥികൾക്ക് അനായാസമായി ഈ അഞ്ച് ഘട്ടങ്ങളിലൂടെ കടന്നുപോയി രജിസ്ട്രേഷൻ പൂർത്തിയാക്കാം. ആദ്യഘട്ടം പൂർത്തിയാക്കുമ്പോഴേക്കും ഉദ്യോഗാർഥിക്ക് യൂസർ ഐഡിയും പാസ്‌വേഡും തെരെഞ്ഞെടുക്കാം. അതിനുശേഷം ഉദ്യോഗാർഥിക്ക് തന്റെ സൗകര്യത്തിനനുസരിച്ച്എപ്പോൾ വേണമെങ്കിലും ഈ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് മറ്റു നാലു ഘട്ടങ്ങളും ഒരുമിച്ചോ വെവ്വേറെ സമയങ്ങളിലോ പൂർത്തീകരിക്കുവാൻ സാധിക്കുന്നതരത്തിലാണ് ഇതിന്റെ രൂപകൽപ്പന നിർവ്വഹിച്ചിട്ടുള്ളത്.

പുതുതായി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താനുദ്ദേശിക്കുന്ന ഉദ്യോഗാർഥികൾ കേരള പി.എസ്.സി യുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.inn യുടെ ഹോം പേജിൽ മധ്യഭാഗത്തായി കാണുന്ന കാണുന്ന One Time Regitsration ബട്ടൺ ക്ലിക്ക് ചെയ്യുക.




തുടർന്ന് ദൃശ്യമാകുന്ന രജിസ്ട്രേഷൻ ലോഗിൻ പേജിൽ കാണുന്ന New Regitsration ലിങ്ക് അല്ലെങ്കിൽ **Sign Up** ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ രജിസ്ട്രേഷന്റെ ആദ്യ പേജ് ദൃശ്യമാകും.




പ്രസ്തുത ആദ്യ ഘട്ട പേജിൽ ഉദ്യോഗാർഥി തന്റെ പേര്, ജനന തീയതി, ലിംഗം, പിതാവിന്റേയും മാതാവിന്റേയും പേര്, മതം, ജാതി, തിരിച്ചറിയൽ രേഖ(ആധാർ നമ്പർ ലഭ്യമായിട്ടുണ്ടെങ്കിൽ അതാണ് തിരിച്ചറിയൽ രേഖയായി നൽകേണ്ടത്) തുടങ്ങിയ പ്രാഥമിക വിവരങ്ങൾ രേപ്പെടുത്തി യൂസർ ഐഡിയും പാസ്‌വേഡും നേടേണ്ടതാണ്. അത്രയുമാകുമ്പോഴേയ്ക്കും ആദ്യ ഘട്ടം പൂർത്തിയായി കഴിഞ്ഞു.



# ൻ നടത്തുന്നതിനുള്ള നടപടിക്രമം




ആർ മനോജ്
സിസ്റ്റം അഡ്മിനിസ്ട്രേറ്റർ,
കേരള പബ്ലിക് സർവീസ് കമ്മീഷൻ


അതിനു ശേഷം ഉദ്യോഗാർഥിക്ക് ലോഗിൻ പേജിലൂടെ പ്രസ്തുത യൂസർ ഐഡി യും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ബാക്കി നാലു ഘട്ടങ്ങളും പടി പടിയായി പൂർത്തീകരിക്കാവുന്നതാണ്.?


മറ്റു ഘട്ടങ്ങൾ പൂർത്തിയാക്കാൻ രജിസ്ട്രേഷൻ പേജിൽ യൂസർ ഐഡിയും പാസ്‌വേഡും നൽകി കഴിഞ്ഞ് ലോഗിൻ ചെയ്യുക.





അപ്പോൾ എല്ലാ ഘട്ടങ്ങളും ഉൾക്കൊള്ളുന്ന രജിസ്ട്രേഷൻ പേജ് ദൃശ്യമാകും.





ആദ്യ ഘട്ടത്തിൽ തെറ്റുകളുണ്ടെങ്കിൽ അതു തിരുത്തിയതിനുശേഷം **Save & Proceed >>** ബട്ടൺ ക്ലിക്ക് ചെയ്ത് രണ്ടാം ഘട്ടത്തിലേയ്ക്കു കടക്കാവുന്നതാണ്. രണ്ടാം ഘട്ടത്തിൽ അഡ്രസ്, ഇ–മെയിൽ, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്.




അതിനുശേഷം **Save & Proceed >>** ബട്ടൺ ക്ലിക്ക് ചെയ്ത് Step 3 യിലേയ്ക്ക് കടക്കാം.




മൂന്നാം ഘട്ടത്തിൽ പേരും ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയിട്ടുള്ള ഫോട്ടോ ആണ് അപ്‌ലോഡ് ചെയ്യേണ്ടത്. അതിനായി ഇതു സംബന്ധിച്ചഇൻസ്ട്രക്ഷൻ വായിച്ചു നോക്കി I agree ടിക് ☑ രേഖപ്പെടുത്തി **Next >>** ബട്ടൺ ക്ലിക്ക് ചെയ്യണം.





അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 150px X 200px വിസ്തൃതിയിലുള്ളതായിരിക്കണം. സ്കാൻ ചെയ്ത ഫോട്ടോയുടെ വലിപ്പം ഒരു കാരണവശാലും 30 KB യിൽ കവിയരുത്.




ഫോട്ടോ അപ്‌ലോഡ് ചെയ്തതിനു ശേഷം, ഫോട്ടോയിലെ പേരും തീയതിയും നിശ്ചിത കള്ളികളിൽ രേഖപ്പെടുത്തി ഡിക്ലറേഷനുകളെല്ലാം വായിച്ചുനോക്കി ഉറപ്പു വരുത്തി ടിക് രേഖപ്പെടുത്തി **Save & Proceed >>** ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ മൂന്നാം ഘട്ടം പൂർത്തിയാകും.


നാലാം ഘട്ടത്തിൽ സ്കാൻ ചെയ്ത കൈയൊപ്പാണ് അപ്‌ലോഡ് ചെയ്യേണ്ടത്. കൈയൊപ്പ് 150px X 200px വിസ്തൃതിയിലുള്ളതും വ്യക്തമായതുമായിരിക്കണം. സ്കാൻ ചെയ്തെടുത്ത കൈയൊപ്പിന്റെ വലിപ്പം 30 KB യിൽ കവിയാൻ പാടില്ല.




കൈയൊപ്പ് അപ്‌ലോഡ്ചെയ്തു കഴിഞ്ഞാൽ അവസാന ഘട്ടത്തിലേയ്ക്ക് കടക്കും. അതിൽ രജിസ്ട്രേഷനിൽ ഉദ്യോഗാർഥി രേഖപ്പെടുത്തിയ എല്ലാ വിവരങ്ങളും സ്ക്രീനിൽ ദൃശ്യമാകും.




രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി തെറ്റുകളെന്തെങ്കിലും ഉണ്ടെങ്കിൽ ഇടതു വശത്തുള്ള STEP ലിങ്കുകളിൽക്ലിക്ക് ചെയ്ത്എതു ഘട്ടത്തിലെ വിവരങ്ങളും തിരുത്തുവാൻ സാധിക്കും. **Print Registration Details** ബട്ടൺ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ വിവരങ്ങളുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാം.




**Submit** ബട്ടൺ ക്ലിക്ക് ചെയ്യുന്നതിന് മുൻപ് ഉദ്യോഗാർഥികൾക്ക് ഏതു ഘട്ടത്തിലെ വിവരങ്ങൾവേണമെങ്കിലും സ്റ്റെപ് ലിങ്കിലൂടെ പ്രസ്തുത ഘട്ടത്തിലേക്ക് കടന്ന് തിരുത്താവുന്നതാണ്. അതിനുശേഷം **Submit** ബട്ടൺ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാം. Submit ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രമേ രജിസ്ട്രേഷൻ പൂർണ്ണമാകുകയുള്ളൂ.

അതിനുശേഷം ഉദ്യോഗാർഥികൾക്ക് രജിസ്ട്രേഷൻ പേജിലൂടെ തങ്ങളുടെ പ്രൊഫൈലിലേയ്ക്ക് ലോഗിൻ ചെയ്ത് മാതൃഭാഷ, ഡിക്ലറേഷൻ, യോഗ്യതകൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി പ്രൊഫൈൽ പൂർണ്ണമാക്കാം. പ്രൊഫൈൽ വിവരങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞാൽഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകൾക്ക് യോഗ്യരായ ഉദ്യോഗാർഥികൾക്ക് പ്രൊഫൈലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

NOTE: ഉദ്യോഗാർഥികൾ ഒരു കാരണവശാലും ഒന്നിലേറെ രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.

നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം :** 19–49
ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ :** 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത 2.(എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ (ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**കുറിപ്പ്:** KS&SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തീയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 395/2017
## വർക്ക്ഷോപ്പ് അറ്റൻഡർ (മെഷീനിസ്റ്റ്) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
## വ്യാവസായിക പരിശീലന വകുപ്പ്

**1 വകുപ്പ്** : വ്യാവസായിക പരിശീലന വകുപ്പ്
**2 ഉദ്യോഗപ്പേര്** : വർക്ക്ഷോപ്പ് അറ്റൻഡർ (മെഷീനിസ്റ്റ്)
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)
**3 ശമ്പളം** : RS 9190 15510 (പി.ആർ)
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

കുറിപ്പ്:ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം)

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 19–49 ഉദ്യോഗാർത്ഥികൾ 02.01. 1968 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:**നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : 1. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. (എ) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ (ബി) ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ്

കുറിപ്പ്: യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10 (a) (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**8 ട്രെയിനിംഗ്:** സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിജയകരമായി ട്രെയിനിംഗ് പൂർത്തീയാക്കുന്നവർ മാത്രമേ ഉദ്യോഗകയറ്റത്തിന് അർഹരായിരിക്കുകയുള്ളു എങ്കിലും പരിശീലനത്തിനായി ഗവൺമെന്റ് നിയോഗിക്കാതിരിക്കുകയും മറ്റു തരത്തിൽ ഉദ്യോഗ കയറ്റത്തിന് യോഗ്യരായിരിക്കുകയും ചെയ്താൽ ഈ നിബന്ധന ബാധകമായിരിക്കുകയില്ല. എന്നാൽ അവർ പ്രൊമോഷൻ ലഭിച്ചതിനുശേഷം ട്രെയിനിംഗ് നേടേണ്ടതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 396/2017
## ജൂനിയർ അസിസ്റ്റന്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
## കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

**1 സ്ഥാപനം** : കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
2 ഉദ്യോഗപ്പേര് : ജൂനിയർ അസിസ്റ്റന്റ്
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)
**3 ശമ്പളം** : RS 6770 13880/
**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:** ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗം മാത്രം)

**കുറിപ്പ്:**പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18– 41, ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7 യോഗ്യതകൾ:** ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ച ബിരുദം.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ:397/2017
## ക്ലാർക്ക്
## സൈനികക്ഷേമ വകുപ്പ്

**1 വകുപ്പ്** : സൈനികക്ഷേമ വകുപ്പ്
2) ഉദ്യോഗപ്പേര് : ക്ലാർക്ക്
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗത്തിൽപ്പെട്ട വിമുക്തഭടന്മാരിൽ നിന്നു മാത്രം) (04/03/2013ലെ G.O.(MS) No. 120/2013/(138)/ഫിൻ പ്രകാരം ക്ലാർക്ക് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടത്.
**3) ശമ്പളം** : ₹ 19000–43600/
**4) ഒഴിവുകളുടെ എണ്ണം** : കൊല്ലം 1 (ഒന്ന്)

**കുറിപ്പ് :** (i) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സൈനികക്ഷേമ വകുപ്പിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടി വിമുക്തഭടന്മാരായ പട്ടികവർഗ്ഗക്കാർക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27/05/1971ലെ ജി.ഒ.(എം.എസ്.)154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാ അടിസ്ഥാനത്തിൽ തയ്യാ

റാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06/02/2013ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)5/13/പി&എ.ആർ.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്ന താണ്. എന്നാൽ 16/03/1996ലെ G.O.(P) No. 12/96/P&ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിലുണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.)154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

(iv) സൈനികക്ഷേമ വകുപ്പിലെ എല്ലാ തസ്തികകളും വിമുക്തഭടന്മാർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ളതാണ്. ഈ ഒഴിവുകൾ 29/12/2015ലെ ഗസറ്റിൽ 555/15 കാറ്റഗറി നമ്പരായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 1 (ഒരു) ഉദ്യോഗാർത്ഥിക്ക് നിയമന ശിപാർശ നൽകിയപ്പോൾ Ranked List exhausted ആയി. ശേഷിക്കുന്ന ഒരൊഴിവിലേക്കാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

5) **നിയമന രീതി** : നേരിട്ടുള്ള നിയമനം.
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം).

**കുറിപ്പ് :** പ്രസ്തുത വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6) **പ്രായം** : പ്രായം 18–50. 18 വയസ്സ് തികഞ്ഞിരിക്കേണ്ടതും പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്) വയസ്സ് തികഞ്ഞിരിക്കാൻ പാടില്ലാത്തതുമാകുന്നു. ഉദ്യോഗാർത്ഥികൾ 02/01/1967നും 01/01/1999നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**കുറിപ്പ് :** വയസ്സിളവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ Part-II ലെപൊതുവ്യവസ്ഥകൾ നോക്കുക.

7) **യോഗ്യതകൾ :** എസ്.എസ്.എൽ.സി. യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

**കുറിപ്പ്:** (i) പട്ടികവർഗ്ഗക്കാരായ വിമുക്തഭടന്മാർക്ക് മാത്രമേ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.
(ii) KS&SSR Part II Rule 10(a) ii ബാധകമാണ്.

12.പൊതു വ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ റൂൾ 3(സി) സംബന്ധിക്കുന്ന രണ്ടാം ഭാഗം ഒഴികെ) ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17/01/1976ലെ G.O.(P) No. 21/76/പി.ഡി., 22/01/1994ലെ G.O.(P) No. 25/94/GAD എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ 398/2017
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
## വിവിധം
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

| | |
|---|---|
| **1 വകുപ്പ്** | : വിവിധം |
| **2 ഉദ്യോഗപ്പേര്** | : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം) |
| **3 ശമ്പളം** | : ₹ 16500–35700/ |
| **4 ഒഴിവുകളുടെ എണ്ണം** | : മലപ്പുറം 1 (ഒന്ന്) |

**കുറിപ്പ്: i)** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് 04.06.2016ലെ നം.12/2016/P&ARD പ്രകാരം ഭേദഗതി ചെയ്ത ചട്ടങ്ങൾക്ക് വിധേയമായിരിക്കും.

ii)ഈ വിജ്ഞാപനപ്രാകം മലപ്പുറം ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രം അവർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

iii)വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് 28.09.2013ലെ GO(P)27/13/PD യിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.

iv)ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി /പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്). പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു.

**7) യോഗ്യതകൾ** : ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. എന്നാൽ യാതൊരുവിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല.

**കുറിപ്പ് i)** ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം (പ്രതിരോധ സേനയിലെ സേവനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ബിരുദ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ii) താഴെപ്പറയുന്ന തസ്തികകൾക്ക് അടിസ്ഥാന യോഗ്യത കൂടാതെ നല്ല ശാരീരികാരോഗ്യം (Good Physique) കൂടി ആവശ്യമാണ്. നല്ല ശാരീരികാരോഗ്യം അധിക യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തസ്തികകളിലെ ഒഴിവുകളിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. (ഗവ.സർവ്വീസിൽ അസി. സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ആയിരിക്കണം.)

1. മേട്രൻ, ബാല മന്ദിർ, കോഴിക്കോട്, 2. സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ, 3. പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലെ ക്ലീനർ, സീവർ ക്ലീനർ (Sewer Cleaner). 4. അച്ചടിവകുപ്പിലെ ഗേറ്റ് കീപ്പർ ഗ്രേഡ് II/ ലാസ്കർ ഗ്രേഡ്i

iii) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ചർ, മാർക്കർ (മെഡിക്കൽ കോളേജുകളും, കോളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും ), റഗുലർ മാർക്കർ (മൃഗസംരക്ഷണ വകുപ്പ്), ചെയിൻമാൻ (ലാന്റ് റവന്യൂ ആന്റ് ടൗൺ പ്ലാനിംഗ്), ലാസ്കർ ഗ്രേഡ് II / ഗേറ്റ് കീപ്പർ ഗ്രേഡ് II(അച്ചടി വകുപ്പ്) എന്നീ ഉദ്യോഗങ്ങൾക്ക് വികലാംഗർ അർഹരല്ല.

iv) താഴെപ്പറയുന്ന ഉദ്യോഗങ്ങൾക്ക് സ്ത്രീകൾ അർഹരല്ല.

1. വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്), വാച്ചർ, 2. നൈറ്റ് വാച്ച്മാൻ, 3. ഗാർഡ് / നൈറ്റ് ഗാർഡ്, 4. ചൗക്കീദാർ, 5. ക്ലീനർ കം കണ്ടക്ടർ, 6. ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ആംബുലൻസ് ക്ലീനർ, ലോറി ക്ലീനർ), 7. ലാസ്കർ, 8. ഗേറ്റ് കീപ്പർ, 9. ബുൾ കീപ്പർ, 10. അനിമൽ കീപ്പർ (ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്)

v) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങിലേയ്ക്കുള്ള വാച്ച് വുമൺ തസ്തികയിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. വനിതാ ഉദ്യോഗാർത്ഥികൾക്കായി കണ്ടെത്തിയിട്ടുള്ള മറ്റ് തസ്തികകളിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങിയ ശേഷം നികത്തുന്നതാണ്.

vi)ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പിലെ തസ്തികകളിൽ ഹിന്ദു മത വിശ്വാസികളെ മാത്രമേ നിയമിക്കുകയുള്ളൂ.

vii)കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ജി.എസ് തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കുന്ന റാങ്ക്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.

viii)ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള എല്ലാ തസ്തികകൾക്കും വേണ്ടി പൊതുവായ ഒരു ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/P-D, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ:399/2017
### ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ/ അസിസ്റ്റന്റ് ഗ്രേഡ് II/ ക്ലർക്ക് ഗ്രേഡ് I/ ടൈംകീപ്പർ ഗ്രേഡ് II/ സീനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ്/ ജൂനിയർ ക്ലർക്ക്

**കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്/ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/ തൃശ്ശൂർ കോപ്പറേഷൻ കെ.എം.സി.എസ് ഇലക്ട്രിക്കൽവിംഗ്/കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്/കെൽട്രോൺ/കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ/മലബാർ സിമന്റ്സ് ലിമിറ്റഡ് / കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ / കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്/ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്/ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്/ കേരളത്തിലെ വികസന അതോറിറ്റികൾ**

1 **സ്ഥാപനത്തിന്റെ പേര് :** കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/തൃശ്ശൂർ കോപ്പറേഷൻ കെ.എം.സി.എസ് ഇലക്ട്രിക്കൽ വിംഗ്/കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്/കെൽട്രോൺ /കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ/മലബാർ സിമന്റ്സ് ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ/കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്/ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്/ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്/ കേരളത്തിലെ വികസന അതോറിറ്റികൾ.

2 **ഉദ്യോഗപ്പേര്** : ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ/ അസിസ്റ്റന്റ് ഗ്രേഡ് II/ ക്ലർക്ക് ഗ്രേഡ് I/ ടൈംകീപ്പർ ഗ്രേഡ് II/ സീനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ്/ ജൂനിയർ ക്ലർക്ക് മുതലായവ.

3 **ശമ്പളം** : ഈ തസ്തികയ്ക്ക് അതത് കമ്പനി/കോർപ്പറേഷൻ/ബോർഡ്/ നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്ക്.

4 **ഒഴിവുകളുടെ എണ്ണം** : കണക്കാക്കപ്പെട്ടിട്ടില്ല.

**കുറിപ്പ് :** i) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് മേൽപ്പറഞ്ഞ വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡ് എന്നിവിടങ്ങളിൽ നിന്ന് അതത് സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്കിൽ ഇതേ തസ്തികയ്ക്ക് എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നിയമന ശിപാർശ നടത്തുന്നതാണ്. മേൽപ്പറഞ്ഞതിൽ ഏതെങ്കിലും പ്രത്യേക കമ്പനിയോ/ കോർപ്പറേഷനോ/ബോർഡോ ശമ്പള നിരക്കോ തെരഞ്ഞെടുക്കാനുള്ള അനുവാദം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതല്ല.

ii) മുകളിൽ പറയുന്ന തസ്തികയിലേക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

iii) 03.01.2013 ലെ, GO(P) No.1/2013/SJD പ്രകാരം 3% ഒഴിവുകൾ ചലന വൈകല്യം/ സെറിബ്രൽ പാൾസി, കാഴ്ചക്കുറവ്, ശ്രവണവൈകല്യം എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** മേൽപ്പറഞ്ഞ ഏതെങ്കിലും കമ്പനിയിലോ/കോർപ്പറേഷനിലോ/ബോർഡിലോ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനങ്ങളിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. ഇപ്രകാരം നിശ്ചിത പ്രായപരിധി കഴിഞ്ഞവരും മേൽപ്പറഞ്ഞ ഏതെങ്കിലും കമ്പനിയിലെ/ കോർപ്പറേഷനിലെ/ ബോർഡിലെ താൽക്കാലിക സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളെ അവർ താൽക്കാലികസേവനം അനുഷ്ഠിച്ചിരുന്ന അതേ കമ്പനി/ കോർപ്പറേഷൻ/ബോർഡിലെ ഒഴിവുകൾക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii) & (xii) നോക്കുക.)

7. **യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എ/ ബി.എസ്.സി/ ബി.കോം ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

**കുറിപ്പ്** കെ.എസ്. & എസ്.എസ്.ആർ പാർട്ട് II ലെ റൂൾ 10 (a)(ii) ബാധകമാണ്.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല
(b) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

### കാറ്റഗറി നമ്പർ:400/2017
### ജൂനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഗ്രേഡ് II/ എൽ.ഡി.സി

**കെ.എസ്.ആർ.ടി.സി/കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് / സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ എസ്.സി & എസ്.ടി ലിമിറ്റഡ്/ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്/ സിഡ്കോ/ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി)/ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്/ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്/ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്/ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്/കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്/ കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്/ കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്/ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്/ മോട്ടോർ ട്രാൻസ്പോട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്/ കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്/ മറ്റു വെൽഫെയർ ഫണ്ട് ബോർഡുകൾ.**

1 **സ്ഥാപനത്തിന്റെ പേര് :** കെ.എസ്.ആർ.ടി.സി/കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്/സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ എസ്.സി & എസ്.ടി ലിമിറ്റഡ്/ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്/സിഡ്കോ/ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി)/ ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്/ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്/യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്/കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്/ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്/ കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്/ കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്/ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്/ മോട്ടോർ ട്രാൻസ്പോട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്/കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്/മറ്റു വെൽഫെയർ ഫണ്ട് ബോർഡുകൾ.

2 **ഉദ്യോഗപ്പേര്** : ജൂനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഗ്രേഡ് II/ എൽ.ഡി.സി മുതലായവ.

3 **ശമ്പളം** : ഈ തസ്തികയ്ക്ക് അതത്കമ്പനി/ കോർപ്പറേഷൻ/ബോഡ് നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്ക്.

4 **ഒഴിവുകളുടെ എണ്ണം** : കണക്കാക്കപ്പെട്ടിട്ടില്ല.

**കുറിപ്പ് :** i) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് മേൽപ്പറഞ്ഞ വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡ് എന്നിവിടങ്ങളിൽ നിന്ന് അതത് സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്കിൽ ഇതേ തസ്തികയ്ക്ക് എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നിയമന ശിപാർശ നടത്തുന്നതാണ്. മേൽപ്പറഞ്ഞതിൽ ഏതെങ്കിലും പ്രത്യേക കമ്പനിയോ/കോർപ്പറേഷനോ/ബോർഡോ ശമ്പളനിരക്കോ തെരഞ്ഞെടുക്കാനുള്ള അനുവാദം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതല്ല.

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

iii) 03.01.2013 ലെ GO(P) No.1/2013/SJD പ്രകാരം 3% ഒഴിവുകൾ ചലന വൈകല്യം/ സെറിബ്രൽ പാൾസി, കാഴ്ചക്കുറവ്, ശ്രവണവൈകല്യം എന്നീ വിഭാഗം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം

6 **പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1999 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** മേൽപ്പറഞ്ഞ ഏതെങ്കിലും കമ്പനിയിലോ/കോർപ്പറേഷനിലോ/ബോർഡിലോ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനങ്ങളിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. ഇപ്രകാരം നിശ്ചിത പ്രായപരിധി കഴിഞ്ഞവരും മേൽപ്പറഞ്ഞ ഏതെങ്കിലും കമ്പനിയിലെ/ കോർപ്പറേഷനിലെ/ ബോർഡിലെ താൽക്കാലിക സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളെ അവർ താൽക്കാലിക സേവനം അനുഷ്ഠിച്ചിരുന്ന അതേ കമ്പനി/ കോർപ്പറേഷൻ/ബോർഡിലെ ഒഴിവുകൾക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi),(vii) & (xii) നോക്കുക.)

7. **യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എ/ ബി.എസ്.സി/ ബി.കോം ബിരുദം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

**കുറിപ്പ്:** കെ.എസ്. & എസ്.എസ്.ആർ പാർട്ട് II ലെ റൂൾ 10 (a)(ii) ബാധകമാണ്.

8. (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല
(b) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

# തെരഞ്ഞെടുത്ത 107 ചോദ്യങ്ങൾ

1. ഐക്യരാഷ്ട്ര സഭ രൂപവത്കരണത്തിന്റെ പ്രാരംഭ ചർച്ചകളിൽ പങ്കെടുത്ത ബ്രിട്ടീഷ് പ്രധാനമന്ത്രി –സർ വിൻസ്റ്റൺ ചർച്ചിൽ
2. ഭൂമിയുടെ അന്തരീക്ഷത്തിൽ ഒരു ഓസോൺ പാളിയുണ്ടെന്ന് കണ്ടുപിടിച്ചത്– ചാൾസ് ഫാബ്രി
3. ബെറിംഗ് കടലിടുക്ക് ഏത് സമുദ്രത്തെയാണ് ആർട്ടിക് സമുദ്രവുമായി ബന്ധപ്പെടുത്തുന്നത് –പസഫിക് സമുദ്രം
4. ഐക്യരാഷ്ട്രസഭ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള സംഘടന– ഫിഫ
5. കേന്ദ്രത്തിൽ കോൺഗ്രസിതര ക്യാബിനറ്റ് മന്ത്രിയായ ആദ്യ മലയാളി– ജി.രവീന്ദ്രവർമ
6. ലോകത്തെ ഏറ്റവും ജനസാന്ദ്രത കൂടിയ രാജ്യം–മൊണാക്കോ
7. ടെസ്റ്റിൽ 10000 റൺസ് തികച്ച ആദ്യ ക്രിക്കറ്റർ–സുനിൽ ഗാവസ്കർ
8. വൈനുകളെക്കുറിച്ചുള്ള പഠനം– ഈനോളജി
9. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി 1948–ൽ നിയമിച്ച ലിംഗ്വിസ്റ്റിക് പ്രോവിൻസസ് കമ്മിഷന്റെ അധ്യക്ഷൻ–ജസ്റ്റിസ് എസ്.കെ.ധർ
10. ഐക്യരാഷ്ട്രസഭ നിലവിൽ വരുമ്പോൾ അമേരിക്കൻ പ്രസിഡന്റ്– ഹാരി എസ്. ട്രൂമാൻ
11. കേരള മുഖ്യമന്ത്രിമാരിൽ ഗവർണറായി നിയമിതനായ ഏക വ്യക്തി– പട്ടം താണുപിള്ള
12. മദർലാൻഡ് പ്രതിമ ഏത് രാജ്യത്താണ്–റഷ്യ
13. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തലസ്ഥാനനഗരം ഏതു രാജ്യത്തിന്റേത്– സിറിയ (ഡമാസ്കസ്)
14. ആനയുടെ ഹൃദയമിടിപ്പ് മിനിട്ടിൽ എത്രയാണ് – 25
15. ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിൽ സ്ഥിര അംഗത്വമുള്ള ഏക ഏഷ്യൻ രാജ്യം– ചൈന
16. കോട്ടകളെ തകർക്കുന്നവൻ എന്ന അർഥത്തിൽ പുരന്ധരൻ എന്നറിയപ്പെട്ട ദേവൻ– ഇന്ദ്രൻ
17. സുവർണ കമ്പിളിയുടെ നാട് എന്നറിയപ്പെടുന്ന രാജ്യം– ഓസ്ട്രേലിയ
18. കൊല്ലം ജില്ലയിൽ ദുര്യോധനക്ഷേത്രം സ്ഥിതി ചെയ്യുന്നത്– മലനട
19. കേശവന്റെ വിലാപങ്ങൾ രചിച്ചത്– എം.മുകുന്ദൻ
20. കേവലപൂജ്യം എന്നു പറയപ്പെടുന്ന ഊഷ്മാവ്–മൈനസ് 273 ഡിഗ്രി സെൽഷ്യസ്
21. കേരളത്തിലെ ഏറ്റവും ദൈർഘ്യമേറിയ വള്ളംകളി– പായിപ്പാട്ട് വള്ളംകളി
22. വേദം എന്ന പദത്തിന്റെ അർഥം– അറിവ്
23. കേരളത്തിലെ ഏറ്റവും ചെറിയ ജില്ല– ആലപ്പുഴ
24. കേരള നിയമസഭയിൽ അംഗമായ ആദ്യത്തെ മുൻ ഐ.എ.എസ്.ഓഫീസർ– അൽഫോൻസ് കണ്ണന്താനം
25. നൊബേൽ സമ്മാനം ലഭിക്കുന്നതിനുമുമ്പ് (1993) ഭാരതരത്നം ലഭിച്ച (1990)ഏക വ്യക്തി –നെൽസൺമണ്ടേല
26. പെരിയാറിന്റെ പഴയപേര്– ചൂർണി
27. പെട്രോളിയം ഉൽപന്നങ്ങളുടെ അളവു രേഖപ്പെടുത്തുന്നതിനുള്ള സ്റ്റാന്റേർഡ് യൂണിറ്റ്– ബാരൽ
28. കേരളത്തിൽ പട്ടിക ജാതി വിഭാഗത്തിൽനിന്നും സ്പീക്കറായ ആദ്യ വ്യക്തി– കെ.രാധാകൃഷ്ണൻ.
29. ബെഞ്ചമിൻ ബെയ്‌ലിയുടെ നിഘണ്ടു പ്രസിദ്ധീകരിച്ചത് ഏത് വർഷത്തിൽ– എ.ഡി.1846
30. ജിപ്‌മെർ (ജവാഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യുക്കേഷൻ ആന്റ് റിസർച്ച്) എവിടെയാണ്–പുതുച്ചേരി
31. ഭൂരിഭാഗം അമേരിക്കൻപൗരൻമാരും ഏതു രാജ്യത്തെ വംശജരാണ്– ബ്രിട്ടൻ
32. ബംഗാൾ വിഭജിച്ച വൈസ്രോയി– കഴ്സൺ പ്രഭു
33. കേരളത്തിലെ ഏറ്റവും കൂടുതൽ കാലാവധിയുണ്ടായിരുന്ന നിയമസഭ– നാലാം നിയമസഭ
34. ലോക്സഭയിലേക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്ത ആദ്യത്തെ മലയാളി– ചാൾസ് ഡയസ്
35. പ്രഥമ സ്വദേശാഭിമാനി –കേസരി പുരസ്കാരത്തിന് അർഹനായ പത്രപ്രവർത്തകൻ– ടി.വേണുഗോപാൽ
36. ഭാരതരത്നം ബഹുമതി ലഭിച്ച ആദ്യ പ്രധാനമന്ത്രി –ജവാഹർലാൽ നെഹ്റു
37. നേത്രത്തിന്റെ വ്യാസം– 2.5 സെ.മീ.
38. ഷെഫീൽഡ് എന്ന സ്ഥലം ഏതു വ്യവസായത്തിനാണു പ്രസിദ്ധം– കട്‌ലറി
39. ഭാരതരത്നം കഴിഞ്ഞാൽ ഇന്ത്യാഗവൺമെന്റ് നൽകുന്ന ഏറ്റവുമുയർന്ന ബഹുമതി– പരമവീരചക്രം
40. സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്– മൈസൂർ
41. നിയമസഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതാര്–ഗവർണർ
42. സിംഹവാലൻ കുരങ്ങുകളുടെ ആവാസകേന്ദ്രമെന്ന നിലയിൽ പ്രസിദ്ധമായദേശീയോദ്യാനം –സൈലൻറ്‌വാലി
43. നൊബേൽ സമ്മാന ജേതാവാൽ ദേശീയഗാനം രചിക്കപ്പെട്ട യൂറോപ്യൻ രാജ്യം–നോർവേ
44. മൊസാംബിക് പ്രവാഹം ഏത് സമുദ്രത്തിലാണ്–ഇന്ത്യൻമഹാസമുദ്രം
45. മൊജാവ് മരുഭൂമി ഏത് വൻകരയിലാണ്–വടക്കേ അമേരിക്ക
46. താജ്മഹൽ നിർമിക്കാൻ എത്ര വർഷമെടുത്തു– 22
47. തെഹ്‌രി അണക്കെട്ട് ഏതു നദിയിൽ– ഭഗീരഥി
48. മൈ പ്രസിഡൻഷ്യൽ ഇയേഴ്സ് രചിച്ചത്– ആർ വെങ്കിട്ടരാമൻ
49. സംഘകാലത്തെ പാണ്ഡ്യരാജാക്കൻമാരിൽ ഏറ്റവും പരാക്രമി– നെടുഞ്ചേഴിയൻ
50. സോഡിയം, പൊട്ടാസ്യം എന്നിവ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ– ഹംഫ്രി ഡേവി
51. ഷോളയാർ അണക്കെട്ട് ഏത് നദിയിലാണ്– ചാലക്കുടിപ്പുഴ
52. കേദാർനാഥിലെ ആരാധനാമൂർത്തി– ശിവൻ
53. കോലാട് എന്ന ചെറുകഥ എഴുതിയത്– കമലാ സുരയ്യ
54. ലൈഫ് ഓഫ് മഹാത്മാഗാന്ധി രചിച്ചത്– ലൂയി ഫിഷർ
55. ഗണിതശാസ്ത്രത്തിന്റെ പിതാവ്– പൈഥഗോറസ്
56. സംഘകാലത്തെ രാജവംശങ്ങളിൽ ഏതിനെക്കുറിച്ചാണ് മെഗസ്തനീസ് ആദ്യം പരാമർശിച്ചത്– പാണ്ഡ്യ
57. മനുഷ്യാവകാശദിനം– ഡിസംബർ 10
58. നാഷണൽ അക്കാദമി ഓഫ് ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് എവിടെയാണ്–ഷിംല
59. ഭരണഘടനയുടെ 356–ാം അനുച്ഛേദം പ്രകാരം മന്ത്രിസഭപിരിച്ചുവിടപ്പെട്ട ആദ്യ സംസ്ഥാനം– കേരളം
60. ഫ്രഞ്ചു സുഡാന്റെ പുതിയ പേര്– മാലി
61. ഭാരതരത്നം നേടിയ രണ്ടാമത്തെ വനിത– മദർ തെരേസ
62. കൊല്ലം–ചെങ്കോട്ട റെയിൽപ്പാത കടന്നുപോകുന്ന ചുരം– ആര്യങ്കാവ് ചുരം
63. ഗുപ്തവംശത്തിലെ ഏറ്റവും പ്രസിദ്ധനായ രാജാവ് –ചന്ദ്രഗുപ്തൻ രണ്ടാമൻ.
64. ഭാരതരത്നം നേടിയ ഏക വ്യവസായി– ജെ.ആർ.ഡി.ടാറ്റ
65. കൈവെള്ളയുടെ ചൂടിൽ പോലും ദ്രാവകാവസ്ഥയിലാകുന്ന ലോഹം– ഗാലിയം
66. സ്വാമി വിവേകാനന്ദൻ രാമകൃഷ്ണമിഷൻ സ്ഥാപിച്ച വർഷം – 1897
67. കണ്ണൂർ സർവകലാശാലയുടെ ആദ്യ വൈസ് ചാൻസലർ– അബ്ദുൾ റഹ്മാൻ
68. സംസ്ഥാനത്തെ ജനറൽ അക്കാദമിക് സർവകലാശാലകളുടെ ചാൻസലർ ആരാണ്– ഗവർണർ
69. ഏറ്റവും പ്രക്ഷുബ്ധ അന്തരീക്ഷ പ്രതിഭാസം– ടൊർണാഡോ
70. പ്രാചീന ഈജിപ്തുകാർ ഏതു പിരമിഡിന്റെ നിഴൽ നോക്കിയാണ് ഋതുക്കൾ നിശ്ചയിച്ചിരുന്നത്–ഗിസയിലെ പിരമിഡ്
71. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ തൊഴിൽ ചെയ്യുന്ന വ്യവസായം– തുണിവ്യവസായം
72. ട്രൈക്കോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്–രോമം
73. ഫ്രാങ്കൻസ്റ്റെയിൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്– മേരി ഷെല്ലി
74. ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയുടെ ആസ്ഥാനമായിരുന്നത്– കോഴിക്കോട്
75. ഹൈഡ്രജൻ ബോംബിന്റെ പിതാവ് എന്നറിയപ്പെടുന്നത്– എഡ്വേർഡ് ടെല്ലർ
76. ബ്രിട്ടണിൽ ആരുടെ ഭരണകാലമാണ് ദി കോമൺവെൽത്ത് എന്നറിയപ്പെട്ടിരുന്നത്– ഒളിവർ ക്രോംവെൽ
77. സൗരയൂഥത്തിന്റെ ഉൽഭവത്തിനു കാരണമെന്ന് ശാസ്ത്രം കരുതുന്ന ബിഗ് ബാംഗ് തിയറിയുടെ ഉപജ്ഞാതാവ്– ജോർജ് ഗാമോവ്
78. സൂര്യപ്രകാശത്തിലെ ഘടക വർണങ്ങൾ– 7
79. സൂര്യപ്രകാശത്തിന്റെ സഹായത്താൽ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജീവകം– ജീവകം ഡി
80. ആദ്യമായി അയൽക്കൂട്ടം നടപ്പിലാക്കിയ പഞ്ചായത്ത്– കല്യാശ്ശേരി
81. ജഹാംഗീറിനെതിരെ കലാപമുണ്ടാക്കിയ മൂത്ത മകൻ– ഖുസ്റു
82. ലോകത്തെ ഏറ്റവും ജലസമ്പന്നമായ നദി–ആമസോൺ
83. വേദാംഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി കരുതപ്പെട്ടത്– കൽപം
84. ഏറ്റവും ഭാരം കൂടിയ പ്രകൃതിദത്ത ആറ്റം– യുറേനിയം
85. ഏറ്റവും കൂടുതൽ ഇലക്ട്രോ പോസിറ്റീവ് ആയ മൂലകം– സീസിയം
86. ഫ്രഞ്ച് വിപ്ലവകാലത്തെ ചക്രവർത്തി– ലൂയി പതിനാറാമൻ
87. പെരുമൺ തീവണ്ടി ദുരന്തം ഉണ്ടായ തീയതി– 1988 ജൂലൈ 8
88. ആരുടെ സദസ്യനായിരുന്നു അശ്വഘോഷൻ –കനിഷ്കൻ.
89. ടി.വി.സ്ക്രീനിൽ ചലിക്കുന്ന ദൃശ്യങ്ങൾ കാണാൻ കഴിയുന്നത് കണ്ണിന്റെ ഏതു പ്രത്യേകതമൂലമാണ്– സമഞ്ജനക്ഷമത
90. ടാക്കോഫോബിയ എന്തിനോടുള്ള ഭയമാണ്– വേഗം
91. പൊട്ടൻഷ്യൽ ഡിഫറൻസ് അളക്കുന്ന ഏകകം–വോൾട്ട്
92. ആദ്യമായി രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സിനിമാനടി– നർഗീസ് ദത്ത്
93. പൊന്മുടി മലയോര വിനോദ സഞ്ചാര കേന്ദ്രം ഏതു ജില്ലയിലാണ്– തിരുവനന്തപുരം
94. ആരുടെ ജന്മദിനമാണ് ദേശീയ പക്ഷി നിരീക്ഷണ ദിനമായി(നവംബർ 12) ആചരിക്കുന്നത്– സാലിം അലി
95. ഗുരുജി എന്നറിയപ്പെട്ടത്– എം.എസ്.ഗോൾവാൽക്കർ
96. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസ് ഏതു കായിക വിനോദത്തിനാണു പ്രസിദ്ധം– ക്രിക്കറ്റ്
97. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വില്ലേജുകൾ ഉള്ള സംസ്ഥാനം– ഉത്തർപ്രദേശ്
98. ഗുരു അംഗദിന്റെ യഥാർഥ പേര്– ലെഹ്ന
99. ജോർജ് വാഷിങ്ടൺ അമേരിക്കൻ പ്രസിഡന്റായ വർഷം– 1789
100. വിജയത്തെ സൂചിപ്പിക്കാൻ രണ്ടുവിരൽ ഉയർത്തിക്കാണിക്കുന്നത് ആവിഷ്കരിച്ചത്–സർ വിൻസ്റ്റൺ ചർച്ചിൽ
101. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുങ്കുമം ഉൽപാദിപ്പിക്കുന്ന സംസ്ഥാനം– ജമ്മു–കശ്മീർ
102. ഡെസ്ഡിമോണ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്– ഷേക്സ്പിയർ
103. സൗരയൂഥത്തിലെ ഏറ്റവും വലിയ അംഗമേത്– സൂര്യൻ
104. ശൈത്യകാല ഒളിമ്പിക്സിനു വേദിയായ ആദ്യ നഗരം– ചമോണിക്സ്(ഫ്രാൻസ്)
105. നൊബേൽ സമ്മാനം ആദ്യമായി നൽകിയ വർഷം – 1901
106. ഖൈബർ ചുരം ഏത് പർവതനിരയിലാണ്– ഹിന്ദുക്കുഷ്
107. കൈതച്ചക്കയിൽ അടങ്ങിയിരിക്കുന്ന എസ്റ്റർ– ഈഥൈൽ ബ്യൂട്ടിറേറ്റ്

Modern India

# Govenors General and Viceroys of British India-2

**ഇന്ത്യയിലെ ഗവർണർ ജനറൽമാരെയും വൈസ്രോയിമാരെയും സംബന്ധമായ ചോദ്യങ്ങളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഇതേക്കുറിച്ചുള്ള വിശദമായ പാഠഭാഗങ്ങൾ ബുള്ളറ്റിനിന്റെ വജ്രജൂബിലി പതിപ്പിന്റെ രണ്ടാം ഭാഗത്തിലുണ്ട്.**

101.Widow Remarriage Act (1856) was introduced during the period of:
(a) Warren Hastings (b) Cornwallis (c) Wellesley (d) Dalhousie

102.Who was Viceroy during the Pune Pact?
(a) Wellington (b) Wavell (c) Linlithgo (d) Mountbatten

103.Appointment of an Educational Commission under Sir William Hunter in 1882 was during the period of:
(a) Lytton (b) Ripon (c) Mayo (d) Dufferin

104.The Governor General when the Treaty of Seringapatam was signed in 1792 between Tipu and the British:
(a) Warren Hastings (b) Cornwallis (c) Wellesley (d) Dalhousie

105.Division of the Civil Services into Imperial, Provincial and Subordinate was done during the period of:
(a) Lord Lansdowne (b) Minto (c) Dufferin (d) Curzon

106.Who was the Viceroy during the establishment of the High Courts at Calcutta, Bombay and Madras in 1865?
(a) Lord John Lawrence (b) Dalhousie (c) Canning (d) Mayo

107.Who was the Viceroy when communal reservation was introduced for Muslims?
(a) Minto II (b) Hardinge II (c)Chelmsford (d) Reading

108.Who was appointed as the Governor General after the Regulating Act of 1773?
(a) Cornwallis (b) Wellesley (c) Dalhousie (d) Warren Hastings

109.The Governor General who inaguated New Delhi on 18th January, 1927:
(a) Reading (b) Irwin (c) Linlithgo (d) Wellington

110.Who was the Governor General when Supreme Court was established at Kolkata?
(a) Wellesley (b) Cornwallis (c) Warren Hastings (d) William Bentick

111.Department of Agriculture and Commerce was during the period of:
(a) John Lawrence (b) Minto (c) Mayo (d) Ripon

112.The Viceroy who resigned in 1876 over the Afghan question:
(a) Northbrook (b) Mayo (c) Dufferin (d) Curzon

113.The Viceroy during the Second Afghan War of (1878-80):
(a) Lytton (b) Ripon (c) Mayo (d) Dufferin

114.Second Factory Act of 1891 was introduced during the period of:
(a) Lord Lansdowne (b) Mayo (c) Dufferin (d) Ripon

115.The Viceroy who repealed the Rowlatt Act:
(a) Chelmsford (b) Reading (c) Irwin (d) Wellington

116.The Viceroy who made the 'Deepavali Declaration':
(a) Wellington (b) Chelmsford (c) Linlithgo (d) Irwin

117.Santhal uprising (1855-56) held during the period of:
(a) Dalhousie (b) Canning (c) William Bentick (d) Lord Amherst

118.The Governor General when 'Wood's Despatch' was proposed:
(a) Canning (b) Dalhousie (c) William Bentick (d) Wellesley

119.India Councils Act of 1861 was passed during the tenure of:
(a) Dufferin (b) Dalhousie (c) Canning (d) Mayo

120.Who was the Viceroy when the Ancient Monument Protection Act was passed?
(a) Curzon (b) Mayo (c) Minto II (d) Hardinge II

121.Who was the Viceroy when Archaeological Survey of India was established?
(a) Lytton (b) Dufferin (c) Curzon (d) Ripon

122.Who was the Viceroy when the grand coronation of George V was held at Delhi?
(a) Hardinge I (b) Hardinge II (c) Minto II (d) Chelmsford

123.Government of India Act of 1935 was introduced when .... was the Viceroy:
(a) Chelmsford (b) Reading (c) Irwin (d) Wellington

124.Simla Conference (1945) was held during the period of:
(a) Linlithgo (b) Wavell (c) Mountbatten (d) Irwin

125.Who was the Viceroy when the Naval Mutiny (1946) was held?
(a) Wavell (b) Mountbatten (c) Irwin (d) Linlithgo

126.The Viceroy who introduced Budget system in India:
(a) Canning (b) Dufferin (c) Mayo (d) Curzon

127.The Viceroy who ruled for the longest period:
(a) Wellington (b) Irwin (c) Linlithgo (d) Mayo

128.The Viceroy who resigned after the Ilbert Bill controversy:
(a) Dufferin (b) Lytton (c) Ripon (d) Canning

129.The Viceroy who formed the 'Safety Valve Theory
(a) Canning (b) Mayo (c) Curzon (d) Dufferin

130.Postal System was introduce in 1853 by:
(a) Canning (b) Dalhousie (c) Dufferin (d) Wellesley

131.Who was the Viceroy when the First World War was ended?
(a) Reading (b) Hardinge II (c) Chelsmsford (d) Minto II

132.The only jew to become the Viceroy of India:
(a) Minto II (b) Hardinge II (c) Chelsmsford (d) Reading

133.Who was Popularly known as the 'Christian Viceroy'?
(a) Wellington (b) Irwin (c) Wavell (d) Linlithgo

134.Who was the first to rule India with the designation of 'Governor General of India', which was introduced in 1833 as complete authority all over India was granted?
(a) William Bentick (b) Dalhousie (c) Canning (d) Hardinge I

135.The Viceroy who established two colleges for the education and political training of the Indian Princes:
(a) Dufferin (b) Mayo (c) Minto (d) Curzon

136.Simon Commission was appointed during the reign of:
(a) Hardinge II (b) Chelsmsford (c) Reading (d) Irwin

137.The Viceroy when Sharda Act, which raised the marriageable age, was passed?
(a) Irwin (b) Reading (c) Chelsmsford (d) Linlithgo

138. Who was the Viceroy when Reserve Bank of India was formed in 1935?
(a) Reading (b) Irwin (c) Wellington (d) Wavell

139.The Governor General who laid the foundation of Police force in India:
(a) Cornwallis (b) William Bentick (c) Dalhousie (d) Wellesley

140.The Governor General who ruled for the longest period:
(a) Wellesley (b) Cornwallis (c) Warren Hastings (d) William Bentick

141.The Viceroy who followed 'Forward Policy':
(a) Dufferin (b) Ripon (c) Mayo (d) Lytton

142.The Federal Court of India was brought into existence in 1937 during the reign of:
(a) Wavell (b) Reading (c) Linlithgo (d) Mountbatten

143.The Viceroy when the Second World War was started:
(a) Mountbatten (b) Linlithgo (c) Wavell (d) Reading

144.The Viceroy when the Second World War was ended:
(a) Mountbatten (b) Wavell (c) Reading (d) Linlithgo

145.The Viceroy who faced the Famine of 1943?
(a) Wavell (b) Irwin (c) Chelmsford (d) Mountbatten

146.Name the Viceroy who was the supreme commander of the Allied Forces in South East Asia during the Second World War:
(a) Irwin (b) Wavell (c) Mountbatten (d) Linlithgo

